# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മംഗലപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1731/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗലപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1731/2021 തീയ്യതി: 04/03/2022

## തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-05-2019 മുതൽ 31-05-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 65 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മെർലിൻ ജേക്കബ്, ഓഡിറ്റർ
ശ്രീമതി അമല ദേവ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മധുസൂദനൻ നായർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷമീം.ഐ. | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീ. സുഹാസ് ലാൽ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 15-07-2019 |
| ശ്രീ. ഹരികുമാർ.ജി.എൻ. | സെക്രട്ടറി | 16-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുകുമാരൻ നായർ.എ. | കൃഷി ഓഫീസർ | 01-04-2019 | 30-10-2019 |
| ശ്രീ. അലക്സ് സജി..ജി.എസ്. | കൃഷി ഓഫീസർ | 31-10-2019 | 31-03-2020 |
| ശ്രീമതി സജ്ന.എസ്.ജെ. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. മിനി.പി.മണി. | മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.രഞ്ജിനി.ആർ.യു. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ബീന.കെ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 06-09-2019 |
| ഡോ. ലിമ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 07-09-2019 | 06-11-2019 |
| ഡോ. പ്രിൻസി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 07-11-2019 | 31-03-2020 |
| ശ്രീ. അരുൺ മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-04-2019 | 30-11-2019 |
| ശ്രീ. സുമേഷ്.എം.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-12-2019 | 31-03-2020 |
| ശ്രീ. ബാലു.കെ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2019 | 04-07-2019 |
| ശ്രീ. സമീർ.ആർ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 05-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ആശ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി ബിന്ദുകുമാരി.എൽ.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| ശ്രീ. വിജയൻ.കെ. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയശ്രീ.ഐ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി രേണുക.എം.എൽ | എച്ച്.എം. | 01-04-2019 | 31-03-2020 |
| ശ്രീ.സുഹാസ് ലാൽ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 25-02-2022) | 1-1 |
| 2 | ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 04-03-2022) | 1-2 |
| 4 | വാർഷികധനകാര്യ പത്രികയിൽ ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 04-03-2022) | 1-2-1 |
| 5 | ബാങ്ക് അക്കൗണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-2 |
| 6 | നിലവിലില്ലാത്ത അക്കൌണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-3 |
| 7 | തുക കൃത്യമായ ഹെഡ്ഡിൽ ഉൾപ്പെടുത്തിയില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-4 |
| 8 | എ എഫ് എസ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-5 |
| 9 | വൗച്ചറുകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-6 |
| 10 | ഡിബിറ്റി സ്റ്റേറ്റ്മെന്റ്, വാർഷികധനകാര്യപത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-7 |
| 11 | വാർഷികധനകാര്യപത്രിക ACR എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-8 |
| 12 | തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-2-9 |
| 13 | സാമ്പത്തിക വിശകലനം<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-4 |
| 15 | ലഭ്യമായ തുകകൾക്ക് അനുസൃതമായി പ്രത്യേക മേഖലകൾക്ക് വകയിരുത്തിയില്ല | 1-4-1 |

| | | |
|---|---|---|
| | Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | |
| 16 | ലഭ്യമായ ഫണ്ടുകൾ പൂർണമായും ചെലവഴിച്ചില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-4-2 |
| 17 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-6 |
| 19 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-6-1 |
| 20 | തൊഴിലുറപ്പ് പദ്ധതി -ഭൂവികസന പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല<br>Written By: Praveen N.G (Asst. Audit Officer, On 02-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-6-2 |
| 21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി -കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 04-03-2022) | 1-6-2 |
| 22 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 25-02-2022) | 1-7 |
| 23 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-7-1 |
| 24 | സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-7-2 |
| 25 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം<br>Written By: Praveen N.G (Asst. Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-7-3 |
| 26 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 30-10-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 07-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-10 |
| 29 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Amala Dev (Auditor, On 01-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 04-03-2022) | 1-11 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയർ - രസീത് പരിപാലനം ക്രമപ്രകാരമല്ല<br>Written By: Amala Dev (Auditor, On 02-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-11-1 |
| 31 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Amala Dev (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-12 |
| 32 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 01-11-2021) | 1-13 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 02-03-2022) | |
| 33 | മേഖലകൾ സംബന്ധിച്ച മാപ്പ് തയ്യാറാക്കിയില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-13-1 |
| 34 | റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-13-2 |
| 35 | മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-13-3 |
| 36 | പൊതുമാർക്കറ്റുകളിൽ നിന്നുമുള്ള വരുമാനം വർദ്ധിക്കുന്നില്ല<br>Written By: Amala Dev (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-14 |
| 37 | ലേലം - നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Amala Dev (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-15 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലനം ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 10,25,000 രൂപ തടസപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 02-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-16 |
| 39 | മൃഗാശുപത്രികൾക്കായി വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല<br>Written By: Sreedevi S (Senior Grade Auditor, On 04-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-17 |
| 40 | ആസ്തി സംരക്ഷണം - തുടർ നടപടികൾ അനിവാര്യം<br>Written By: Manesh.B.H (Audit Officer, On 04-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-18 |
| 41 | കുടിവെള്ള ടാങ്കുകൾ പ്രോജക്ടിനനുസൃതമായി സ്ഥാപിച്ചില്ല<br>Written By: Manesh.B.H (Audit Officer, On 06-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-19 |
| 42 | പകൽ വീടിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് കൈമാറിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 06-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-20 |
| 43 | സ്കൂളിന് താല്കാലിക ഷെഡ് നിർമ്മാണം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Manesh.B.H (Audit Officer, On 06-11-2021)<br>Last Updated By: K Sreeja (Deputy Director, On 02-03-2022) | 1-21 |
| 44 | ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-22 |
| 45 | മെഡിക്കൽ ഓഫീസർ - ആയുർവേദം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-23 |
| 46 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ- നടപടിക്രമങ്ങളിൽ അപാകത കെ.എസ്.ഇ.ബിക്ക് ഫ്ലഡ് സെസ് ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കണം<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-24 |
| 47 | നിക്ഷേപ പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല-ബാക്കി നില്ക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-25 |

| | | |
|---|---|---|
| 48 | ലൈഫ് , ഭവന പുനരുദ്ധാരണം പദ്ധതികൾ 2019-20 - നടപടി ക്രമങ്ങളിൽ വീഴ്ച്ച<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-26 |
| 49 | ക്ഷേമപദ്ധതികൾ - വിഇഒ സർക്കിൾ 1 നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- 99,72,920/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Praveen N.G (Asst. Audit Officer, On 31-10-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-27 |
| 50 | രണ്ട് വർഷം മുൻപ് വാട്ടർ കണക്ഷൻ ലഭിച്ചയാൾക്ക് സബ്സിഡി നൽകി<br>Written By: Sreedevi S (Senior Grade Auditor, On 02-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-28 |
| 51 | അനുപൂരക പോഷകാഹാര പരിപാടി - ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിൽ പൊരുത്തക്കേട്<br>Written By: Sreedevi S (Senior Grade Auditor, On 02-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-29 |
| 52 | 2020-21 വർഷത്തെ പദ്ധതി ചെലവ് 2019-20 ലെ ചെലവ് പത്രികയിൽ ഉൾപ്പെടുത്തി<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-30 |
| 53 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം - ഗുണഭോക്താവിന്റെ അർഹത വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 04-03-2022) | 1-31 |
| 54 | ഒരേ ചെലവ് വൗച്ചറുകളിൽ രണ്ടു തുകകൾ പാസാക്കി<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-32 |
| 55 | ഗുണഭോക്തൃ ലിസ്റ്റ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല - 5,93,280 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-33 |
| 56 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-34 |
| 57 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-35 |
| 58 | വയോജനങ്ങൾക്ക് കട്ടിൽ - ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-36 |
| 59 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-37 |
| 60 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-38 |

| | | |
|---|---|---|
| 61 | THRS (അമൃതം പൊടി) - പർച്ചേസ് ബിൽ ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 04-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-39 |
| 62 | ജാഗ്രത സമിതി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 03-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-40 |
| 63 | ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 07-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 1-41 |
| | **ഭാഗം 2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 07-11-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-11-2021) | 2-1 |
| | **ഭാഗം 3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 07-11-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-11-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 30-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 30-10-2021) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 30-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 30-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 30-10-2021)<br>Last Updated By: Manesh.B.H (Audit Officer, On 30-10-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 28-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 07-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 04-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 01-11-2021)<br>Last Updated By: K Sreeja (Deputy Director, On 03-03-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

26.02.2019-ലെ ഭരണസമിതി തീരുമാനം 1 പ്രകാരം 28088598/- രൂപ മുന്നിരിപ്പ് ഉൾപ്പെടെ 349114978/- രൂപ വരവും 320644910/- രൂപ ചെലവും 28470068/- രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു. ബജറ്റ് 10.02.2020-ലെ ഭരണസമിതി തീരുമാനം പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികയായി ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്റ്റിലെ 214(5) ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്.

2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ ചെലവഴിച്ചതായി/ വകയിരുത്തിയ തുക ചെലവഴിക്കാതെ/ വകയിരുത്താതെ ചെലവഴിച്ചതായി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ബജറ്റ് ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള ചെലവായ തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 2501001 | 4934000 | 430364 |
| 2 | കൃഷിയും അനുബന്ധ മേഖലകളും - മറ്റ് വിളകൾ | 2501002 | 0 | 225000 |
| 3 | കൃഷിയും അനുബന്ധ മേഖലകളും - മറ്റ് കാർഷിക വികസന പരിപാടികൾ | 2501003 | 0 | 366800 |
| 4 | കൃഷിയും അനുബന്ധ മേഖലകളും - തെങ്ങ് കൃഷി | 2501009 | 533400 | 0 |
| 5 | കൃഷിയും അനുബന്ധ മേഖലകളും - പച്ചക്കറി | 2501011 | 340250 | 0 |
| 6 | കൃഷിയും അനുബന്ധ മേഖലകളും - വാഴ | 2501012 | 225000 | 0 |
| 7 | കൃഷിയും അനുബന്ധ മേഖലകളും - അനുബന്ധ സൗകര്യങ്ങൾ | 2501026 | 430000 | 0 |
| 8 | കൃഷിയും അനുബന്ധ മേഖലകളും | 2501027 | 526560 | 0 |
| 9 | മൃഗസംരക്ഷണം- പശു വളർത്തൽ | 2501031 | 2000000 | 0 |
| 10 | മൃഗസംരക്ഷണം - പശ്ചാത്തലസൗകര്യങ്ങൾ | 2501039 | 0 | 307903 |

| | | | | |
|---|---|---|---|---|
| 11 | ക്ഷീര വികസനം-പശ്ചാത്തലസൗകര്യങ്ങൾ | 2501048 | 0 | 915715 |
| 12 | തുല്യതാപരീക്ഷ | 2510115 | 0 | 60000 |
| 13 | പ്രൈമറി വിദ്യാഭ്യാസം | 2511002 | 1453667 | 120564 |
| 14 | സ്പോർട്സ് | 2511007 | 120000 | 0 |
| 15 | യുവജനക്ഷേമം | 2511008 | 100000 | 55000 |
| 16 | അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 2511011 | 60000 | 0 |
| 17 | വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | 2511013 | 0 | 1030430 |
| 18 | പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധനസഹായം | 2511014 | 280000 | 70000 |
| 19 | പൊതു ആരോഗ്യ പരിപാടികൾ | 2512002 | 500000 | 891563 |
| 20 | പ്രത്യേക ആരോഗ്യ പരിപാടി | 2512003 | 150000 | 0 |
| 21 | മരുന്നുകൾ | 2512004 | 0 | 604851 |
| 22 | മറ്റ് ആരോഗ്യ പദ്ധതികൾ | 2512007 | 300000 | 356809 |
| 23 | കുടിവെള്ളം | 2512008 | 1126000 | 352319 |
| 24 | ശുചിത്വം | 2512009 | 2581920 | 938997 |
| 25 | പൊതു ശുചിത്വം - മാലിന്യ പരിപാലനം | 2512026 | 710000 | 202000 |
| 26 | ഭവനനിർമ്മാണം | 2513001 | 35769189 | 17589551 |
| 27 | വൈദ്യുതീകരണം | 2513004 | 1577635 | 454644 |
| 28 | പട്ടിക വർഗ്ഗ ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ | 2513011 | 22000 | 0 |
| 29 | മറ്റ് പോഷകാഹാര പരിപാടികൾ | 2514102 | 0 | 77535 |
| 30 | ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി ഇംപ്രൂവിമെന്റ് | 2516501 | 275000 | 0 |
| 31 | തെരുവുവിളക്കുകളുടെ വൈദ്യുതീകരണം | 2521001 | 0 | 518515 |
| 32 | മറ്റ് ഗതാഗത സൗകര്യങ്ങൾ | 2522009 | 0 | 100000 |
| 33 | പൊതു കെട്ടിടങ്ങൾ | 2523001 | 0 | 300757 |

ഓഡിറ്റ് എൻക്വയറിയുടെ (20/26.10.2021) മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി |
|---|---|

| | |
|---|---|
| 31.07.2020 | 12.06.2020 |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-2-1 വാർഷികധനകാര്യ പത്രികയിൽ ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല

2019-2020 സാമ്പത്തിക വർഷം വാർഷികധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് B-11ൽ ഡിപ്രിസിയേഷൻ (Accumulated) ചേർത്തിട്ടുണ്ട് എങ്കിലും Income And Expenditure Statement I-17 ൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/25.10.2021) ലഭ്യമാക്കിയ മറുപടിയിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തുമ്പോൾ നെഗറ്റീവ് ഡെഫിസിറ്റ് ആകുന്നതിനാലാണ് ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കേണ്ടതാണ്.

## 1-2-2 ബാങ്ക് അക്കൗണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ചുവടെ ചേർക്കുന്ന അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് വിശദാംശങ്ങൾ | മുന്നിരിപ്പ് 01/04/2019 | നീക്കിയിരിപ്പ് 31/03/2020 |
|---|---|---|
| ദുരിതാശ്വാസനിധി<br>സെക്രട്ടറി- മംഗലപുരം ഗ്രാമപഞ്ചായത്ത്<br>നമ്പർ-30029855837<br>SBI, മംഗലപുരം | 2638.50 | 2728.5 |

പ്രസ്തുത അക്കൗണ്ടിന്റെ 2019-2020 സാമ്പത്തിക വർഷത്തെ പൂർണമായ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് സാമ്പത്തിക വർഷം നിർജ്ജീവമായിരുന്നുവെന്നും 2020-2021വർഷം പുനർജ്ജീവിപ്പിച്ചെടുക്കുക-
യായിരുന്നുവെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 8/25.10.2021ന്റെ മറുപടി).

## 1-2-3 നിലവിലില്ലാത്ത അക്കൌണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു

വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെചേർക്കുന്ന അക്കൗണ്ട്സ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത അക്കൗണ്ട് ട്രഷറിയിൽ നിലവിലില്ലായെന്നും തുടർവർഷത്തെ അക്കൌണ്ട്സിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 21/26.10.2021ന്റെ മറുപടി).

| അക്കൗണ്ട് | വാർഷികധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ് | വാർഷികധനകാര്യപത്രിക ക്കുന്നപ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| Treasury-Own Fund-VPFA-1_2 | 3180 | 3180 |

## 1-2-4 തുക കൃത്യമായ ഹെഡ്ഡിൽ ഉൾപ്പെടുത്തിയില്ല

പ്രോജക്ട് നമ്പർ 220/2019-2020-ശാസ്തവട്ടം -തോപ്പ്മുക്ക് കെ എസ് ഇ ബി ലൈൻ ദീർഘിപ്പിക്കൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയായ 359380/- രൂപ 460500201- Advance To Implementing Agencies- Deposit With Kerala Water Authority എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 21/26.10.2021) ആയതു അടുത്ത വർഷം എ എഫ് എസിൽ ക്രമപ്പെടുത്തുന്നതാണെന്ന മറുപടി ലഭ്യമാക്കി.

## 1-2-5 എ എഫ് എസ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർക്കുന്ന തുകകളുടെ എ.എഫ്.എസ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| എ എഫ് എസ് പ്രകാരമുള്ള കോഡ് | എ എഫ് എസ് പ്രകാരമുള്ള മുന്നിരിപ്പ് | എ എഫ് എസ് പ്രകാരമുള്ള വരവ് | എ എഫ് എസ് പ്രകാരമുള്ള ചെലവ് | എ എഫ് എസ് പ്രകാരമുള്ള നീക്കിയിരിപ്പ് | അപാകത |
|---|---|---|---|---|---|
| 340200101-Rent Deposit | 11955 | 2000 | 0 | 9455 | എ എഫ് എസ് പ്രകാരമുള്ള നീക്കിയിരിപ്പിൽ 4500/- രൂപയുടെ വ്യത്യാസം |
| 340200102-Auction Deposit | 38005 | 4800 | 1050 | 39705 | എ എഫ് എസ് പ്രകാരമുള്ള നീക്കിയിരിപ്പിൽ 2050/- രൂപയുടെ വ്യത്യാസം |
| 340200108-Road Cutting Deposit | 26663 | 74960 | 54718 | 43359 | എ എഫ് എസ് പ്രകാരമുള്ള നീക്കിയിരിപ്പിൽ 3546/- രൂപയുടെ വ്യത്യാസം |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (21/26.10.2021) പ്രസ്തുത വ്യത്യാസം 2019-2020 വർഷം അഡ്ജസ്റ്റ് ചെയ്ത തുകകൾ ആണെന്ന വിശദീകരണം ലഭ്യമാക്കി.

## 1-2-6 വൗച്ചറുകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2019-2020 സാമ്പത്തിക വർഷത്തെ ബാങ്ക് അക്കൗണ്ടുകളുടെ 31/03/2020 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന വൗച്ചർ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| അക്കൗണ്ട് | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| SBI-e Payment | 119130900098 Dtd 17/03/2020 | 1407/- |

ഐസിഡിഎസ് സൂപ്പർവൈസർക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്ന പ്രോജക്ടിന് നല്കിയ 125162 രൂപയുടെ തനത് ഫണ്ട് ചെക്ക് 2020 ഏപ്രിൽ മാസത്തിന് ശേഷമാണ് ട്രഷറിയിൽ നിന്ന് പാസ്സാക്കി നല്കിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 21/26.10.2021ന്റെ മറുപടി).

## 1-2-7 ഡിബിറ്റി സ്റ്റേറ്റ്മെന്റ്, വാർഷികധനകാര്യപത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വിവിധ പെൻഷനുകളുടെ സാമ്പത്തിക വർഷത്തെ ഡിബിറ്റി സ്റ്റേറ്റ്മെന്റ്, വാർഷികധനകാര്യപത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പെൻഷൻ | വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുക | ഡി ബി റ്റി പ്രകാരമുള്ള തുക |
|---|---|---|
| അവിവാഹിതരായ 50 വയസിനു മുകളിലുള്ള സ്ത്രീകളുടെ പെൻഷൻ | 16800 | 168000 |

## 1-2-8 വാർഷികധനകാര്യപത്രിക ACR എന്നിവ പൊരുത്തപ്പെടുന്നില്ല

വാർഷികധനകാര്യപത്രിക, ലഭ്യമാക്കിയ ACR എന്നിവയിലെ ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ട് | വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവ് | ACR പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 1 | ഡെവലപ്പ്മെന്റ് ഫണ്ട്- സെന്ട്രൽ ഫിനാൻസ് കമ്മീഷൻ അൺറ്റൈഡ് ബേസിക് ഗ്രാന്റ് | 9410411/- | 9962231/- |
| 2 | മെയിന്റനൻസ് ഫണ്ട്- റോഡ് | 3648239/- | 5429663/- |
| 3 | മെയിന്റനൻസ് ഫണ്ട്- റോഡിതരം | 3937437/- | 4508437/- |

2019-2020 സാമ്പത്തിക വർഷം Warm Clearence ലഭിക്കാത്ത പദ്ധതികൾ Queue Bill- ൽ ഉൾപ്പെടുത്തിയതിനാലാണ് പ്രസ്തുത വ്യത്യാസം വന്നതെന്ന് വിശദീകരണം നല്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 8/25.10.2021ന്റെ മറുപടി)

## 1-2-9 തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു

എ) 2018-2019, 2019-2020 വർഷത്തെ AFS പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

| എ എഫ് എസ് ഹെഡ് കോഡ് | ഇനം | 2018-2019 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-2020 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320100115 | Centrally Sponsored Scheme- Total Sanitation Campaign (TSC) | 1243800/- | 1243800/- |
| 320100116 | Centrally Sponsored Scheme- Sarva Siksha Abhiyan (SSA) | 124000/- | 124000/- |
| 320200101 | Development Fund- General- Capital | 1302800/- | 1302800/- |
| 320200207 | Fund For Transferred Institutions- Ayurveda- Capital | 82/- | 82/- |
| 320200301 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsore | 2221/- | 2221/- |
| 320300199 | Grants, Funds & Contributions For | 149426/- | 149426/- |

| | | | |
|---|---|---|---|
| | Specific Purposes – Other Government Agencies | | |
| 320500101 | Grants, Funds & Contributions For Specific Purposes – Welfare Bodies-Capital | 35000/- | 35000/- |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/25.10.2021) ലഭ്യമായ മറുപടി തൻവർഷം ചെലവുകൾ ഉണ്ടാകാത്തു കൊണ്ടാണ് ചെലവു വരാത്തത് എന്നാണ്. ചെലവഴിക്കുന്നതിന് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി അറിയിച്ചിട്ടില്ല ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയില്ല.

ലഭ്യമായ ഫണ്ട് ചെലവഴിക്കാതെ അവശേഷിപ്പിക്കുന്ന പ്രവണത മൂലം സേവനം ആവശ്യമായ മേഖലകളിൽ അവ ലഭ്യമാകുന്നില്ല.

പ്രസ്തുത അപാകത പരിഹരിക്കുന്നതിൽ പഞ്ചായത്തു കമ്മിറ്റികളോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ ശ്രദ്ധ ചെലുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകകൾ വരും വർഷങ്ങളിൽ ചെലവഴിക്കുന്നതിനു മുൻഗണന നൽകേണ്ടതാണ്.

ബി) 2019-2020 സാമ്പത്തിക വർഷം താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാതെ ബാലൻസ്ഷീറ്റിൽ അവശേഷിക്കുന്നു.

| എ എഫ് എസ് ഹെഡ് കോഡ് | ഇനം | 2019-2020 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 320800101 | Beneficiary Contributions | 87960/- |
| 320800202 | Donations Related To Pandemic / Epidemic Control | 50000/- |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/25.10.2021) ലഭ്യമായ മറുപടി പ്രസ്തുത തുകകൾ 2020-2021 -ൽ ചെലവായിട്ടുണ്ടെന്നാണ്.

ലഭ്യമായ ഫണ്ടുകൾ അതാതു വർഷം തന്നെ പദ്ധതികൾ ആവിഷ്കരിച്ച വിനിയോഗിക്കുന്നതിൽ നിർവ്വഹണോദ്യഗസ്ഥരും വിവിധ കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34498795 |
| വരവ് | 92734987 |
| ആകെ | 127233782 |
| ചെലവ് | 97038201 |
| നീക്കിയിരിപ്പ് | 30195581 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 20768887 | 20768887 | 20805148 *1 | -36261 |
| വികസന ഫണ്ട്- SCP | 0 | 18066059 | 18066059 | 14728722 *2 | 3337337 *8 |
| വികസന ഫണ്ട്- TSP | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ്(Tied) | 0 | 857000 | 857000 | 857000 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ്(Untied) | 0 | 16102970 | 16102970 | 9410411 *3 | 6692559 |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 0 | 6082000 | 6082000 | 3937437 *4 | 2144563 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 8337000 | 8337000 | 3648239 *5 | 4688761 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 2767242 | -2767242 *6 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 *7 | 0 | 0 |

*1. ലഭ്യമാക്കിയ എ സി ആർ പ്രകാരം ഡവലപ്പ്മെന്റ് - ജനറൽ ചെലവ് 20511030/- രൂപയാണ്. തുകകൾ ഗ്രാന്റ് വിനിയോഗ പത്രവുമായി പൊരുത്തപ്പെടുന്നില്ല.

*2. ലഭ്യമാക്കിയ എ സി ആർ പ്രകാരം ഡവലപ്പ്മെന്റ് - SCP ചെലവ് 14625780/- രൂപയാണ്. തുക ഗ്രാന്റ് വിനിയോഗ പത്രവുമായി പൊരുത്തപ്പെടുന്നില്ല.

*3. ലഭ്യമാക്കിയ എ സി ആർ പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ്(Untied) 9962231/- രൂപയാണ്. തുക ഗ്രാന്റ് വിനിയോഗ പത്രവുമായി പൊരുത്തപ്പെടുന്നില്ല.

*4. ലഭ്യമാക്കിയ എ സി ആർ പ്രകാരം മെയിന്റനൻസ് ഫണ്ട്- റോഡിതരം 4508437/- രൂപയാണ്. തുക ഗ്രാന്റ് വിനിയോഗ പത്രവുമായി പൊരുത്തപ്പെടുന്നില്ല.

*5. ലഭ്യമാക്കിയ എ സി ആർ പ്രകാരം മെയിന്റനൻസ് ഫണ്ട്- റോഡ് 5429663/- രൂപയാണ്. തുക ഗ്രാന്റ് വിനിയോഗ പത്രവുമായി പൊരുത്തപ്പെടുന്നില്ല.

*6. കേന്ദ്രാവിഷ്കൃത ഫണ്ട് നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു.

*7. സംസ്ഥാനാവിഷ്കൃത ഫണ്ട് തുക ലഭ്യമായിട്ടില്ല.

*8. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(1) പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല എന്നിരിക്കെ ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കാതെ പാഴാക്കിയിരിക്കുന്നു.

9.സുലേഖ ചെലവ് പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് 1607663/- രൂപയാണ്. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. പ്രസ്തുത ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

10. സുലേഖ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് 2081572/- രൂപയാണ്. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. പ്രസ്തുത ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ക്രമ നമ്പർ 1 മുതൽ 10 വരെയുള്ള അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (25/27.10.2021) മറുപടി ലഭ്യമായില്ല.

## 1-4-1 ലഭ്യമായ തുകകൾക്ക് അനുസൃതമായി പ്രത്യേക മേഖലകൾക്ക് വകയിരുത്തിയില്ല

ബജറ്റ് വകയിരുത്തൽ അനുബന്ധം IV-ന്റെ അനുസൃതമായി പ്രത്യേക പദ്ധതികൾക്ക് അടങ്കൽ വകയിരുത്തിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നമ്പർ 1, 3, 5 എന്നീ പ്രത്യേക മേഖലകൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള തുകകൾ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

| ക്രമ നമ്പർ | മേഖല | സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ | വകയിരുത്തേണ്ട തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വകയിരുത്തിയ തുക (ശതമാനം) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ച തുക (ശതമാനം) |
|---|---|---|---|---|---|
| 1 | ഉല്പാദനം | 5.4.1(3)<br>പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും കുറഞ്ഞത് 30% എങ്കിലും ഉല്പാദന മേഖലയ്ക്ക് വകയിരുത്തണം | 5055360 | 5199049(30.85 %) | 3383003 (20.01 %) |
| 2 | മാലിന്യ സംസ്കരണം, ജല സംരക്ഷണം | 5.4.1(4)<br>പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും കുറഞ്ഞത് 10% എങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതമിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം | 1685120 | 18000 (1.1 %) | 0 (0%) |
| 3 | വനിതാഘടക പദ്ധതി | 5.4.1(10)<br>പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി,റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10% വനിതാ ഘടകപദ്ധതിക്ക് വകയിരുത്തണം | 3502020 | 3685882 (10.53 %) | 2617198 (7.47 %) |
| 4 | കുട്ടികൾ,ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് | 5.4.1(11)<br>പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി,റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% കുട്ടികൾ,ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനു വകയിരുത്തണം | 1751010 | 917514 (2.62 %) | 903817 (2.58 %) |
| 5 | വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണം | 5.4.1(11)<br>പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി,റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം | 1751010 | 2122635 (6.06 %) | 852631 (2.43 %) |

ഇപ്രകാരം മതിയായ വകയിരുത്തലുകൾ നടത്താതെ പദ്ധതിയ്ക്ക് ഡി പി സി അംഗീകാരം ലഭ്യമായതെങ്ങനെയെന്ന

വിശദികരിച്ചിട്ടില്ല. വകയിരുത്തിയ തുകകൾ ചിലമേഖലകളിൽ വളരെ കുറഞ്ഞതോതിൽ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (25/27.10.2021) മറുപടി ലഭ്യമായില്ല.

ലഭ്യമായ ഫണ്ടിൽ വലിയ തുക ചെലവഴിക്കാതെ നഷ്ടമായിരിക്കുന്നു. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4-2 ലഭ്യമായ ഫണ്ടുകൾ പൂർണമായും ചെലവഴിച്ചില്ല

2019-2020 സാമ്പത്തിക വർഷം വകയിരുത്തിയ തുകകളുടെയും ചെലവഴിച്ച തുകകകളുടെയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 23426481 | 20805148 | 88.81 % |
| വികസന ഫണ്ട്- SCP | 21606310 | 14728722 | 68.17% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 20160000 | 10267411 | 50.93 % |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 6950600 | 3937437 | 56.65 % |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 9937000 | 3648239 | 36.71 % |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5232183 | 2767242 | 52.89 % |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 9556000 | 0 | 0 % |

ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും ചെവലഴിച്ചിട്ടില്ല. ഫണ്ടുകളിൽ വലിയ ശതമാനം തുക ലാപ്സായിരിക്കുന്നു.

ഫണ്ടുകളിൽ വികസന ഫണ്ട് - ജനറൽ, വികസന ഫണ്ട്- SCP, ധനകാര്യ കമ്മീഷൻ അവാർഡ്(Untied), മെയിന്റനൻസ് ഫണ്ട്- റോഡിതരം, മെയിന്റനൻസ് ഫണ്ട്- റോഡ് എന്നിവയ്ക്ക് ലഭ്യമാക്കിയ അനുബന്ധം IV പ്രകാരം ഉള്ള തുകയേക്കാൾ കൂടുതൽ വകയിരുത്തിയിരിക്കുന്നു.

പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (25/27.10.2021) മറുപടി ലഭ്യമായില്ല.

അതാതു വർഷം തന്നെ അടിസ്ഥാന സൗകര്യം ഉൾപ്പെടെ സർവ്വതോമുഖമായ വികസനം മുന്നിൽ കണ്ട് പദ്ധതികൾ ആവിഷ്കരിച്ച് ലഭ്യമായ ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ നിർവ്വഹണോദ്യഗസ്ഥരും വിവിധ കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 13,01,96,208 | 145 | 7,12,40,133 | 0 | 48 | 75 |

<u>പദ്ധതി ആസൂത്രണം</u>

1)പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

എ)2019-20വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി മിനിട്സിൽ 02.10.2018ൽ 125 പേരുടെ ഹാജർ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 09.10.2018ലെ മെയിന്റനൻസ് പ്ലാൻ യോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയിട്ടുണ്ട്.

ബി)2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ഭരണസമിതി തീരുമാനം നമ്പർ 5(1)/25.09.2018 പ്രകാരം ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ട്.

2)26.11.2018ൽ നടന്ന വികസന സെമിനാറിൽ 163 പേരുടെ ഹാജർ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിൽ ആസൂത്രണ സമിതിയുടെ പങ്കും വികസന സെമിനാറിലെ പ്രവർത്തനവും വ്യക്തമായി വിശദീകരിച്ചിട്ടില്ല.

3)19-20 വർഷ പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | പഞ്ചായത്ത് സ്വീകരിച്ച നടപടികൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 39/28.10.2021ന്റെ മറുപടി) |
|---|---|---|---|---|
| I | ആരോഗ്യം | 02.10.2018 | മരം വീണ തകർന്ന PHC ഓഫീസ് കെട്ടിടത്തിന്റെ മുകളിലുള്ള ക്ലൂര റിപ്പയർ ചെയ്ത് കെട്ടിടത്തിന്റെ ചോർച്ച ഒഴിവാക്കുക | മരം മുറിച്ച് മാറ്റി. പി.എച്ച്.സി നവീകരണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. |
| Ii | വനിത വികസനം | 02.10.2018 | ജാഗ്രത സമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക | 2019-20 വർഷം പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| Iii | കൃഷി | 02.10.2018 | നെല്ല് വില്പനയ്ക്കുള്ള സംവിധാനം. | നടപടിയില്ല |
| | | | കേടായിക്കിടക്കുന്ന യന്ത്രങ്ങൾ പ്രവർത്തന ക്ഷമമാക്കുക | കേടായിക്കിടക്കുന്ന യന്ത്രങ്ങൾ പ്രവർത്തന ക്ഷമമാക്കാൻ പദ്ധതി രൂപീകരിക്കുന്നതാണ്. |
| Iv | പൊതുമരാമത്ത് | 01.10.2018 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പുനർ നിർമ്മിക്കുക. | കമ്മ്യൂണിറ്റി ഹാൾ പുനർ നിർമ്മിച്ചിട്ടുണ്ട്. |
| | | | സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം പണിയുക | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൈലാത്തുകോണം അംഗൻവാടി കെട്ടിടം പണിതിട്ടുണ്ട്. |
| V | കുടിവെള്ളം, ശുചിത്വം, മാലിന്യപരിപാലനം | 26.11.2018 | മംഗലപുരം മാർക്കറ്റ് വൃത്തിയാക്കുന്നതിനുള്ള നടപടി | ശുചീകരണത്തിന്റെ ഭാഗമായി മാർക്കറ്റുകൾ വൃത്തിയാക്കി വരുന്നുണ്ട്. |
| | | | 131, 135 അംഗൻ വാടികൾക്ക് വാട്ടർ ടാങ്ക് | അടുത്ത വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങി നല്കുന്നതാണ്. |
| Vi | പൊതുഭരണവും ധനകാര്യവും | 02.10.2018 | ടോക്കൺ മെഷീൻ സ്ഥാപിക്കുക | ISOസർട്ടിഫിക്കേഷന്റെ ഭാഗമായി ടോക്കൺ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. |
| | | | പൌരാവകാശ രേഖ പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തുക | പൌരാവകാശ രേഖ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| Vii | സാമൂഹ്യ നീതി | 02.10.2018 | സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഭൂമിയും കെട്ടിടവും<br>സ്ഥലം ലഭ്യമായ 125, 111 നമ്പർ അംഗൻവാടികളുടെ നിർമ്മാണം തുടങ്ങുക | 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 11-ാം നമ്പർ അംഗൻവാടി നിർമ്മിക്കുന്നതാണ്. |
| Viii | മൃഗസംരക്ഷണവും ക്ഷീര വികസനവും | 02.10.2018 | വെറ്റിനറി ഹോസ്പിറ്റലിന്റെ ശോചനീയാവസ്ഥ മാറ്റുക | പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ശ്രദ്ധ നല്കിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

4) സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടികൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 39/28.10.2021ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുഭരണം | അതീവ ഗുരുതരം | പഞ്ചായത്തോഫീസിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും യഥാസമയം സേവനം ലഭിക്കാത്ത അവസ്ഥ | ILGMSസോഫ്റ്റ് വെയർ വിന്യസിച്ചതിനനുസരിച്ച് സേവനം നല്കി വരുന്നു. |

| | | | | |
|---|---|---|---|---|
| Ii | മൃഗസംരക്ഷണം | അതീവ ഗുരുതരം | ക്ഷീര കർഷകർ മേഖലയിൽ നിന്നും പിൻവാങ്ങുന്നു | പാലിന് സബ്സിഡി, കന്നുകുട്ടി പരിപാലനം, കാലിത്തൊഴുത്ത് നവീകരണം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. |
| Iii | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | ശുദ്ധജലം വേണ്ടത്ര ലഭിക്കുന്നില്ല | ജലജീവൻ പദ്ധതി നടപ്പാക്കിവരുന്നു.പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി പൈപ്പ് ലൈൻ ദീർഘിപ്പിച്ചിട്ടുണ്ട്. |
| Iv | വനിതാ വികസനം | അതീവ ഗുരുതരം | സുസ്ഥിര വരുമാന മാർഗ്ഗമില്ലായ്മ, ഗാർഹിക പീഡനം | വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് മുട്ടക്കോഴി വിതരണം, ഓട്ടോറിക്ഷ വിതരണം, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി, ഹരിതഭവനം പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. |
| V | സാമൂഹ്യ നീതി | അതീവ ഗുരുതരം | കൌമാരക്കാരായ ആൺകുട്ടികളുടെ ഇടയിൽ വ്യാപകമായി ലഹരി മരുന്നുകളുടെ ഉപയോഗം | എക്സൈസ് വകുപ്പ് മുഖേന 'വിമുക്തി' നടപ്പാക്കി വരുന്നു. |

പ്രശ്നപരിഹാരത്തിന് പ്രധാന്യം നല്കിവരുന്നുണ്ട്. പദ്ധതികൾ പൂർത്തിയാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 55737 | 1450710 | 1506447 | 1019560 | 486887 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26036750 | 260363750 | 26036750 | 0 |
| ആകെ | 55737 | 27487460 | 27543197 | 27056310 | 486887 |

2019- 2020 സാമ്പത്തികവർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.01/2021 -ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 20 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 14358 |
| 2019-20സാമ്പത്തികവർഷം തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 7101 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2055 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 15 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 44 |
| ഷെൽഫ് ഓഫ് പ്രോജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 2230 |
| വകയിരുത്തിയ തുക | 26911200 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 254 |
| കൂലി ഇനത്തിലെ ചെലവ് | 25149329 |

| | |
|---|---|
| കൂലിയിതര ഇനത്തിലെ ചെലവ് | 887486 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്ക് നൽകി തൻവർഷം ലഭിച്ച തുക | - |
| ലേബർ ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് | 27546000 |

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ അപാകങ്ങൾ താഴെപ്പറയുന്നു.

1. 2019-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാസ്റ്റർ സർക്കുലർ ഖണ്ഡിക 6.4 പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ പദ്ധതികൾ അവയുടെ തുടർ നടപടിക്രമങ്ങൾ എന്നിവ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണമെന്നുണ്ട്. എന്നാൽ ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

2. മൂല്യ നിർണയ സാക്ഷ്യപത്രങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

3. സൈറ്റ് ഡയറി വിവരങ്ങൾ പൂർണമല്ല. വ്യക്തിഗത നിർമ്മാണ പ്രവൃത്തനങ്ങളുടെ ഫയലിൽ സൈറ്റ് ഡയറി സൂക്ഷിക്കുന്നില്ല. പല ഫയലുകളിലും വേജ് ബിൽ സൂക്ഷിച്ചിട്ടില്ല.

4.നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് പല ഫയലിലും ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

5.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

6. 2019-20 കാലയളവിൽ 254 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും 187പ്രവൃത്തികളുടെ മസ്റ്റർറോൾ വിവരം മാത്രമേ രജിസ്റ്ററിൽ ചേർത്തിട്ടുള്ളൂ. നടപ്പാക്കിയ പ്രവൃത്തികളുടെ മസ്റ്റർ റോൾ രജിസ്റ്ററിൽ ഏതാനും പ്രവൃത്തികൾക്കൊഴികെ, ഭരണാനുമതി ലഭിച്ച തുക, മസ്റ്റർ റോൾ ഇഷ്യൂ ചെയ്ത തീയതി, വർക്ക് സൈറ്റിൽ നിന്നും തിരികെ ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മസ്റ്റർ റോൾ ഏറ്റുവാങ്ങിയ ഉദ്യോഗസ്ഥന്റെ ഒപ്പ്/ തീയതി എന്നിവയും രേഖപ്പെടുത്തിയിട്ടില്ല .

7. മസ്റ്റർ റോളിലെ ഹാജർ വിവരം അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല .

8. ഇഷ്യൂ ചെയ്യുന്ന എല്ലാ മസ്റ്റർ റോളുകളുടെയും മസ്റ്റർ റോൾ രജിസ്റ്ററിൽ ചേർക്കുന്നില്ല .

9. പദ്ധതികളുടെ പ്രാരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

10. സ്ഥിരം ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

11. ഗ്രാമസഭയുടെ നേതൃത്വത്തിൽ 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ സോഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ല.

12. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മിറ്റി രേഖപ്പെടുത്തലുകൾ ഇല്ല.

13. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

14. വ്യക്തിഗത തൊഴുത്ത് നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്കിൽഡ് ലേബറായി വിജയൻനായർ , സംഗീത വിജയൻ എന്നിവർക്ക് 29 തൊഴിൽദിനങ്ങൾക്ക് യഥാക്രമം 12600/-, 13500/- രൂപാവീതം നൽകിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോൾ

പ്രകാരം 29 തൊഴിൽ ദിനങ്ങളിലും ജോലി ചെയ്തിരിക്കുന്നത് വിജയൻനായർ ആണ്. കൂടാതെ അൺസ്കിൽഡ് ലേബറായി ജോലി ചെയ്ത ശ്രീമതി സുശീലയുടെ വേജ് ബിൽ ഫയലിൽ ലഭ്യമല്ല.

15. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പാട്ടകൃഷി പ്രവൃത്തിയുടെ (പൊയ്കയിൽ വാർഡ്) പൂർത്തീകരണത്തിനുള്ള തെളിവായി സൂക്ഷിച്ചിരിക്കുന്ന ഫോട്ടോയിൽ ഏതാനും ചില ചീരത്തൈകളുടേയും വാഴകളുടേയും ചിത്രങ്ങളാണുള്ളത്. 2019-20 വർഷം 159 എണ്ണം പാട്ടകൃഷി നിർവ്വഹിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ പ്രസ്തുത പ്രവൃത്തിയുടെ ഫലമായി ഉണ്ടായ പ്രത്യുൽപ്പാദനപരമായ പുരോഗതി വിലയിരുത്തപ്പെട്ടിട്ടില്ല.

ഏതാനും അപാകതകൾ നിലവിൽ പരിഹരിച്ചിട്ടുള്ളതായും മറ്റുള്ളവ ഭാവിയിൽ പരിഹരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 47/ 29.10.21 ന്റെ മറുപടി) .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-6-2 തൊഴിലുറപ്പ് പദ്ധതി -ഭൂവികസന പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല

2019-20വർഷം MNREGS മുഖേന നടപ്പിലാക്കിയ ഭൂവികസന പ്രവൃത്തികൾക്കായി 13,26,215/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഫയലുകൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഓഡിറ്റിനായി ഹാജരാക്കിയില്ല. ഫയലുകൾ ഓഡിറ്റിന് പര്യാപ്തമാകുംവിധം ക്രമപ്പെടുത്തി ഉടൻ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 68 /30.10.2021ന്റെ മറുപടി). ഫയലുകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കാതിരുന്നത് ഉചിതമായ നടപടിയല്ല. പ്രവൃത്തി ഫയലുകൾ ക്രമപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-6-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല

കൈലാത്തുകോണം അംഗനവാടി നടപ്പാത കോൺക്രീറ്റിംഗ്

വർക്ക് കോഡ്-279460

എം ബുക്ക് നം- 232/19-20,

ചെലവ് തുക- 2,98,501/-

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കൈലാത്തുകോണം അംഗനവാടി നടപ്പാത കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ രാജീവ്, പാങ്ങപ്പാറ എന്ന കരാറുകാരനിൽ നിന്നും 2,98,501/- രൂപയ്ക്ക് വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ജി.എസ്.ടി തുക ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല. ജി.എസ്.ടി തുക ഈടാക്കിയിട്ടുണ്ടോ എന്ന വിവരത്തിനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ തീയതി 29.10.21ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി തുകയായി അടക്കേണ്ട തുകകൾ കരാറുകാരനിൽ നിന്നും കൃത്യമായി ഈടാക്കി അടവാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 333720 | 389 |
| കർഷകതൊഴിലാളി പെൻഷൻ | 2446800 | 922 |

| | | |
|---|---|---|
| വിധവ പെൻഷൻ | 1204400 | 4293 |
| വാർദ്ധക്യകാലപെൻഷൻ | 27843900 | 10182 |
| വികലാംഗപെൻഷൻ | 4128000 | 1468 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 357600 | 137 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| സുമതിഅമ്മ | 102710100172 | കർഷകതൊഴിലാളി | 02.02.20 | ആക്ടീവ് | 03/20മുതൽ 09/21 വരെ (1200x1,1300x5,1400x4, 1500x3,1600x6) | 27400 |
| കെ.എസ്. ബേബി | 102710202540 | വാർദ്ധക്യകാലം (75+) | 15.03.20 | ആക്ടീവ് | 04/20 മുതൽ 09/21 വരെ (1500x12, 1600x6) | 27600 |
| | | | | | ആകെ | 55,000/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മംഗലപുരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. തീയതി 29.10.21ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 55,000/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-7-2 സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ്

രേഖപ്പെടുത്തിയരിക്കുന്നത്.

| ക്രമ നമ്പർ | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ശ്രീധരൻനായർ | 21.7.19 | 102710100099 | ആക്ടീവ് |
| 2 | വിശ്വനാഥൻആശാരി | 16.8.19 | 102710203300 | ആക്ടീവ് |
| 3 | ഗോപിനാഥൻനായർ | 2.8.19 | 102710100395 | ആക്ടീവ് |
| 4 | രുഗ്മിണിയമ്മ | 14.8.19 | 102710200240 | ആക്ടീവ് |
| 5 | മുഹമ്മദ്സാലി | 18.8.19 | 102710200278 | ആക്ടീവ് |
| 6 | തങ്കമ്മ | 20.8.19 | 102710200006 | ആക്ടീവ് |
| 7 | ബേബിയമ്മ | 8.8.19 | 102710600365 | ആക്ടീവ് |
| 8 | സാവിത്രിയമ്മ | 1.9.19 | 102710200298 | ആക്ടീവ് |
| 9 | സദാനന്ദൻ | 23.8.19 | 102710100386 | ആക്ടീവ് |
| 10 | ശ്യാമളയമ്മ | 29.8.19 | 102710200884 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ, അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം തീ 29.10.21 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരെ എത്രയും പെട്ടെന്ന് പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7-3 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം

മംഗലപുരം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പി പി ഒ നമ്പർ | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക, കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | വസന്തകുമാരി, കുടവൂർ | 11041201 | 102710100582 | 75200/- 12/2012-04/2019 | |
| 2 | ലളിതമ്മ,മുരിങ്ങമൺ | വിവരം ലഭ്യമല്ല | 102710100625 | വിവരം ലഭ്യമല്ല | |
| 3 | ഐഷാബീവി,തോന്നയ്ക്കൽ | 11008901 | 102710201739 | 3600/- 02/20-04/20 | തുക ഒടുക്കി |
| 4 | രാധ, കുടവൂർ | വിവരം ലഭ്യമല്ല | 102710201752 | വിവരം ലഭ്യമല്ല | |
| 5 | ആരിഫാബീവി, കുടവൂർ | വിവരം ലഭ്യമല്ല | 102710202376 | വിവരം ലഭ്യമല്ല | |

| | | | | | |
|---|---|---|---|---|---|
| 6 | ശിവദാസൻ, കുടവൂർ | വിവരം ലഭ്യമല്ല | 102710400033 | വിവരം ലഭ്യമല്ല | |
| 7 | ഹൈമവതിയമ്മ,കുടവൂർ | വിവരം ലഭ്യമല്ല | 102710400107 | വിവരം ലഭ്യമല്ല | |
| 8 | നിർമ്മല,പെരുങ്കുഴി | വിവരം ലഭ്യമല്ല | 102710600217 | വിവരം ലഭ്യമല്ല | |
| 9 | സുശീല, കുടവൂർ | വിവരം ലഭ്യമല്ല | 102710600792 | വിവരം ലഭ്യമല്ല | |
| 10 | സ്വർണ്ണലത, കുടവൂർ | 3100007483 | 102710600997 | വിവരം ലഭ്യമല്ല | |
| 11 | ശാന്ത, കുടവൂർ | 347781660 | 102710601181 | 84100/-10/2013-004/20 | |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/25.10.21 ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. വിവരങ്ങൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരം കൂടി ശേഖരിച്ച് ട്രഷറിയുമായി ബന്ധപ്പെട്ട് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2021, 10.30 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52976രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തിയിട്ടുണ്ട്. എന്നാൽ, റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല. റിവ്യൂ മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 63/30.10.2021)

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2019ൽ പൌരാവകാശ രേഖ പുതുക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. പകരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

3)ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

4)ഫ്രണ്ട് ഓഫീസ് ഡയറിയിൽ പൂർണമായ രേഖപ്പെടുത്തലില്ല. 5, 7, 8 കോളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു.

5)അസിസ്റ്റന്റ് സെക്രട്ടറിയുടെ 2019-20 വർഷത്തെ ക്യാഷ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

എ)ക്യാഷ്ബുക്കിന്റെ ഒരു പേജിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി) ബിൽ ട്രഷറിയിൽ നൽകുമ്പോൾ തന്നെ ക്യാഷ്ബുക്കിലെ വരവ് ഭാഗത്ത് തുക രേഖപ്പെടുത്തുന്നു. ദിവസങ്ങൾക്കു ശേഷം ബിൽ മാറി ചെലവ് നടത്തുമ്പോൾ ചെലവ് ഭാഗത്ത് രേഖപ്പെടുത്തുന്നു.

സി)ചെലവ് നടക്കുന്ന ഓരോ ദിവസവും കൃഷ് ബുക്ക് എഴുതി ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. പകരം ഒരു

മാസത്തെ ബില്ലുകൾ സംബന്ധിച്ച വിവരങ്ങൾ എല്ലാം എഴുതി മാസാന്ത്യത്തിലാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിരിക്കുന്നത്.

6)തൊഴിലുറപ്പ് പദ്ധതിയിലെ ഭൂവികസന പ്രവൃത്തികളുടെയും വി.ഇ.ഒ. സർക്കിൾ – 1, മെഡിക്കൽ ഓഫീസർ – പി.എച്ച്.സി, ആയുർവേദം എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകളുടെയും ഫയലുകൾ / രേഖകൾ ക്രമപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി കാണുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 18(2) പ്രകാരം പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണം പഞ്ചായത്തിനായിരിക്കുന്നതാണ്. മുൻ വർഷങ്ങളിലും വി.ഇ.ഒ. ഫയലുകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതും തുടർന്ന് ചാർജെടുക്കുന്ന ഉദ്യോഗസ്ഥർക്ക് കൈമാറാതിരിരുന്നതും ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ട വിഷയമാണ്.

7) സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ എന്നിവ വാങ്ങുന്നവർക്കും മരണപ്പെട്ടവർക്കും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

8) അങ്കണവാടികളുടെയും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെയും പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ അനിവാര്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2021 മുതൽ 15.02.2021 വരെ | 09/2020 മുതൽ 12/2020 വരെ | 15.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2021 | 2007-18 മുതൽ 2011-12 വരെ | 12.09.2012 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി .

1. കേരള ഫിനാൻഷ്യകോഡ് (വാല്യം I) ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷന് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന രസീതുകളിൽ അപ്രകാരം ഒടുക്ക് വരുത്തിയിട്ടില്ല.

| രസീതു ബുക്ക് നമ്പർ/ രസീതു നമ്പർ | തീയതി | ഇനം | തുക | ഡേ ബുക്ക് പ്രകാരം തുക ഒടുക്ക് വരുത്തിയ തീയതി |
|---|---|---|---|---|
| 46184/56-60 | 5.10.19 | വാഴക്കൃഷി | 125വീതം (ആകെ 625രൂപ) | 11.10.19 |

2.രസീതുകളിൽ കൃത്യമായി തീയതി രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതു ബുക്ക് നമ്പർ /രസീതു നമ്പർ | ഇനം | തുക |
|---|---|---|
| 5446/47-74 | സമഗ്ര പുരയിട കൃഷി | 167 |
| 19568/31 | സമഗ്ര പുരയിട കൃഷി | 100 |

| | | |
|---|---|---|
| 19568/67 | സമഗ്ര പുരയിട കൃഷി | 100 |
| 19569/87 | വാഴക്കൃഷി | 225 |
| 19569/94 | വാഴക്കൃഷി | 225 |
| 19574/78 | വാഴക്കൃഷി | 225 |
| 19574/88 | വാഴക്കൃഷി | 225 |
| 19574/100 | വാഴകൃഷി | 225 |
| 19573/51 | ഗ്രോബാഗ് | 500 |
| 19571/49 | സമഗ്ര പുരയിട കൃഷി | 100 |
| 19571/91 | സമഗ്ര പുരയിട കൃഷി | 100 |
| 19611/90 | സമഗ്ര പുരയിട കൃഷി | 500 |
| 19611/93 | സമഗ്ര പുരയിട കൃഷി | 500 |
| 19611/98 | സമഗ്ര പുരയിട കൃഷി | 500 |
| 46183/85 | സ്ഥാപന നികുതി | 5000 |
| 46183/86 | സ്ഥാപന നികുതി | 5000 |
| 46183/87 | സ്ഥാപന നികുതി | 200 |
| 46183/88 | സ്ഥാപന നികുതി | 200 |

മേൽ അപാകതകൾ സംബന്ധിച്ചുള്ള എൻക്വയറിക്ക് (53/29.10.2021) മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ്, 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ എന്നിവയിലെ നിബന്ധനകൾ പാലിച്ച് വരുംവർഷങ്ങളിൽ രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11-1 അസിസ്റ്റന്റ് എഞ്ചിനീയർ - രസീത് പരിപാലനം ക്രമപ്രകാരമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ ഉപയോഗിച്ച 10740 നമ്പർ രസീത് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) രസീത് ബുക്കിൽ 72 രസീതുകൾ ഉപയോഗിച്ചിരിക്കുന്നതിൽ 69, 70, 71 എന്നീ രസീതുകളിൽ മാത്രമാണ് ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിരിക്കുന്നത്.

2)21, 22, 23, 24, 25, 29, 31മുതൽ 44 വരെ, 46, 59, 60, 62, 63, 64, 65, 66, 67, 68 എന്നീ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3)1മുതൽ 16 വരെയും 44, 56, 57, 58, 69, 70, 71, 72 എന്നീ രസീതുകളുടെ പകർപ്പ് മാത്രമാണ് തുക ഒടുക്കിയ വ്യക്തികൾക്ക് നൽകിയിരിക്കുന്നത്. ബാക്കി രസീതുകളുടെ അസ്സലും പകർപ്പും രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു

മേൽ അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 71 / 30.10.2021)ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ വരാതെ സൂക്ഷിക്കാമെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഭാവിയിൽ ഇപ്രകാരമുള്ള അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ലൈസസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ലഭ്യമാക്കിയ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് ഫീസ്-മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, (എസ്.ആർ.ഒ നമ്പർ 674/2017) പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ റൂൾ ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2019-2020 സാമ്പത്തിക വർഷത്തിൽ 543 അപേക്ഷകരിൽ നിന്നായി 325200/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളോ രേഖപ്പെടുത്തിയിട്ടുമില്ല.

2) യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നില്ല

ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ തീയതി 31.10.2017 (എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം) പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്നവയുടെ സംഗതികളിൽ സ്ഥാപിക്കാൻ അനുവാദം നല്കുന്നതിനും ചട്ടം 18 പ്രകാരം ഉപയോഗിക്കാൻ ലൈസൻസ് നല്കുന്നതിനും പുതുക്കുന്നതിനും ചട്ടങ്ങളുടെ പട്ടിക III പ്രകാരം വെവ്വേറെ ഫീസ് ഈടാക്കണം. എന്നാൽ ചുവടെ ചേർത്തിട്ടുള്ള അപേക്ഷകളിൽ ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | ഫയൽ നമ്പർ | യന്ത്രത്തിന്റെ വിവരം അപേക്ഷയിൽ ലഭ്യമായത് |
|---|---|---|---|
| 1 | ഫൗസിയ ഫസലുദീൻ, സം സം ഏജൻസിസ് | A2/3532/19dtd30/4/19 | 2000 HP |
| 2 | വിജയകുമാരൻ നായർ, TECHNOTIX സോക്സ്ഇൻഡസ്ട്രീസ് | A2/3514/19dtd30/4/19 | 1.5 H P |
| 3 | വിജയകുമാർ എസ്, ഐശ്വര്യ ഇൻഡസ്ട്രിയൽ വെൽഡിങ് വർക്ക് ഷോപ്പ് | A2/2079/19dtd8/3/19 | 1000 H P |
| 4 | വിമല ഷണ്മുഖൻ ,S N ഇൻഡസ്ട്രീസ് | A2/1531/19dtd22/2/19 | 2.5 H P |
| 5 | ശ്യാംലാൽ , എസ് കെ വെൽഡിങ് വർക്സ് | A2/8442/19dtd 28/10/19 | 1 H P |
| 6 | സുമകുമാരി, ആനന്ദം ഫ്യൂൽ സെന്റർ | A25219/19 Dtd 29/6/19 | 2 HP |
| 7 | സുരേഷ് ജി തോട്ടത്തിൽ, വർക്ക് ഷോപ്പ് | A2/2750DTD 29/5/19 | 1 HP |
| 8 | ലാജി ജോസഫ്, ഓർമ്മ ടിംബേർസ് പ്രൈവറ്റ് ലിമിറ്റഡ് | A2/10782/19DTD30/11/19 | 46HP |
| 9 | അൻസാർ എ കെ, ഇർഫാൻ ഫുഡ് പ്രോഡക്ട് | A2/7562/19DTD29/8/19 | 3HP |

യന്ത്രത്തിന്റെ ഫീസ് ഈടാക്കുന്നതിൽ അപാകത കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്,സ്ഥാപനം | ഫയൽ നമ്പർ | യന്ത്രത്തിന്റെ വിവരം അപേക്ഷയിൽ ലഭ്യമായത് |
|---|---|---|---|
| 1 | ഷീജ ബീഗം<br>M K | A2/2366 /19dtd18/3/19 | 5 H P യന്ത്രത്തിനു 10 H P യന്ത്രത്തിന്റെ ഫീസ് ആണ് ഈടാക്കിയിരുന്നത് |
| 2 | പീതാംബരൻ നായർ<br>പി ആൻഡ് പി എഞ്ചിനീയറിംഗ് വെൽഡിങ് വർക്ക് ഷോപ്പ് | A2/2951 /19dtd5/4/19 | 6 H P യന്ത്രത്തിനു 100 രൂപ ഫീസ് ഈടാക്കുന്നതിന് പകരം 50 രൂപ ആണ് ഈടാക്കിയിരുന്നത് |
| 3 | അനില എൽ<br>ഫ്ലോർ മിൽ | A2/2944 /19dtd5/4/19 | 11.5 H P യന്ത്രത്തിനു 200 രൂപ ഈടാക്കുന്നതിന് പകരം150 രൂപ ആണ് ഈടാക്കിയിരിക്കുന്നത് |

3) 2019-2020 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ അപൂർണമാണെന്ന് കാണുന്നു. രജിസ്റ്ററിൽ, അപേക്ഷകൾ ലഭ്യമായ തീയതി, നമ്പർ, സ്ഥാപനത്തിന്റെ പേര്, ജോലിക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്, സ്ഥാപനം | ഫയൽ നമ്പർ |
|---|---|

| | |
|---|---|
| താഹിറ ബീവി<br>ബ്രോസ് ഓയിൽ ആൻഡ് ഫ്ലോർ മിൽ | A2/4041/19 DTD 18/5/19 |
| പ്രകാശ് – പ്രകാശ് Fruits | A2/2077/19 DTD8/3/19 |
| വി ജയാനന്ദൻ – സുജിത പ്രൊവിഷൻ സ്റ്റോർ | A2/3607 DTD 3/5/19 |
| ആര്യ മഹേഷ്<br>ആസ്ത്രി ഡിസൈനർ ബോട്ടിക് | A2/3660/19 DTD 6/5/19 |
| ബിജിമോൾ വി ആർ – പലവ്യഞ്ജന കട | A2/3566/19DTD2/5/19 |
| ശൈലജ എൽ – പ്രിയ പൗൾട്ടറി ഫാം | A2/2882/19DTD3/4/19 |
| അജികുമാർ ബി – 'അമ്മ എർത്ത് മൂവേഴ്സ് | A2/3405/19DTD26/4/19 |
| പുഷ്പൻ – ആദിത്യ ഹോട്ടൽ | A2/2799/19DTD1/4/19 |
| സൗദാമിനി ടി എ – ടി എസ് ട്രേഡേഴ്സ് റെസ്റ്റിൽസ് ആൻഡ് കോസ്മെറ്റിക്സ് | A2/3012/19 DTD8/4/19 |
| ദിവ്യ കെ = ദിവ്യ ലേഡീസ് സ്റ്റിച്ചിംഗ് സെന്റർ | A2/2683DTD28/3/19 |
| അബ്ദുൾ ഹക്കിം – NOTY ഫുഡ്സ് | A2/2917/19DTD4/4/19 |
| വി എസ് രാധ – ലീന ഫാൻസി ആൻഡ് റെഡിമേഡ് | A2/3117/19DTD10/4/19 |
| ഷിജി ബി എസ് – മാവേലി സ്റ്റോർ | A2/2254/19 DTD14/3/19 |
| ദിപിൻ രാജ് – ഫുട് ലൂസേഴ്സ് | A2/3290/19 DTD 20/4/19 |
| സുജ എസ് – സുദേവൻ സ്റ്റോർ | A2/8658/19DTD4/10/19 |
| സജിത കെ – സഫ കംപ്യൂട്ടേഴ്സ് | A2/9399/19DTD26 /10/19 |
| മഞ്ജുഷ സി – അച്ചൂസ് ഫാൻസി | A2/8398/19DTD28/9/19 |
| ഫാസിലുദീൻ – വീൽ ആൻഡ് വീൽ | A2/2946/19DTD13/6/19 |
| എൻ സുശീലൻ – സൂര്യ സ്റ്റോർ | A2/4058/19DTD20/5/19 |
| സൈജു കുമാർ<br>കൊളഞ്ഞൂർ മൊബൈൽസ് | A2/5282/19 DTD 5/7/19 |
| ബൈജു എസ് – അപ്പൂസ് | A2/5240/19 DTD 1/7/19 |
| ഷിബു – എമിരേറ്റ്സ് ഈസി ഷോപ് | A2/4347/19DTD30/5/19 |
| അരുൺ – എ1 മിനി സൂപ്പർ മാർക്കറ്റ് | A2/3353/19DTD25/4/19 |
| എസ് കുമാർ – സൂര്യ ഇലെക്ട്രിക്കൽസ് | A2/1300/19DTD14/2/19 |
| നിസാമുദ്ധീൻ എം – ന്യൂ മുബാറക് ഹോട്ടൽ | A2/9074/19DTD16/10/19 |
| നജം – സിയാ ഫർണിച്ചർ | A2/5160/19DTD28/6/19 |
| ജാസ്മിൻ – സെയിൻ ടൈലറിംഗ് ഷോപ് | A2/3359/19DTD25/4/19 |
| മുജുബ് ഖാൻ – എം എഫ് ഹാർഡ്വെയർ HOUSEHOLD | A2/5219/19DTD29/6/19 |
| Dr വിവേക് എസ് – ഡെന്റൽ ക്ലിനിക് | A2/4287/19DTD28/5/19 |
| നൗഷാദ് എ എം – ബിസ്മി മെഡിക്കൽസ് | A2/4165/19DTD24/5/19 |
| പ്രവീൺ ഡി – രാജസ്ഥാൻ ട്രേഡേഴ്സ് | A2/876/19DTD5/10/19 |
| Dr നബീൽ അബ്ദുൾ വാഹിദ്<br>Dr നബീൽ അബ്ദുൾ വാഹിദ് മൾട്ടിസ്പെഷ്യലിറ്റി ഡെന്റൽ ക്ലിനിക് ആൻഡ് ഇമ്പ്ലാൻറ് സെന്റർ | A2/10791/19DTD30/11/19 |

4) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.

5) ലൈസൻസിന് അപേക്ഷിക്കാനുള്ള തീയതി കഴിഞ്ഞതിനു ശേഷമുള്ള അപേക്ഷികളിൽ Belated ഫീസ് വാങ്ങാതെ ലൈസൻസ് പുതുക്കി കൊടുത്തിട്ടുണ്ട് . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | ഫയൽ നമ്പർ | തീയതി |
|---|---|---|---|
| 1 | ഷീജ എം – നാഥ്ഫാൻസി | A2/3422/19DTD26/4/19 | 26/4/19 |
| 2 | ആർ ലൗലി റാണി – അമൃതവർഷിണി സ്കൂൾ ഓഫ് ആർട്സ് ആൻഡ് മ്യൂസിക്കൽസ് | A2/4017/19DTD17/5/19 | 17/5/19 |
| 3 | ഫൗസിയ ഫസലുദീൻ – സം സം ഏജൻസിസ് | A2/353/19DTD30/4/19 | 30/4/19 |
| 4 | മുഹമ്മദ് സാലി – യാസിൻ ജോബ് വോർക്സ് ഫോട്ടോസ്റ്റാറ് | A2/3045/19DTD8/4/19 | 8/4/19 |
| 5 | നിർമല ജെ – നിർമല സ്റ്റോർ | A2/2158/19DTD12/3/19 | 12/3/19 |
| 6 | ബിജിമോൾ വി ആർ – പലവ്യൻജന കട | A2/3566/19DTD2/5/19 | 2/5/19 |
| 7 | ശൈലജ എൽ – പ്രിയ പൗൾട്ടറി ഫാം | A2/2882/19DTD3/4/19 | 3/4/19 |
| 8 | പുഷ്പൻ – ആദിത്യ ഹോട്ടൽ | A2/2799/19DTD1/4/19 | 1/4/19 |

| | | | |
|---|---|---|---|
| 9 | സൗദാമിനി ടി എ – ടി എസ് ട്രേഡേഴ്സ് റെസ്റ്റിൽസ് ആൻഡ് കോസ്മറ്റിക്സ് | A2/3012/19 DTD8/4/19 | 8/4/19 |
| 10 | രാജാദാസ് – കുലക്കട | A2/3361/19DTD25/4/19 | 25/4/19 |
| 11 | പി ഹരിഭാസ്കർ – പ്രൈം എന്റർപ്രൈസസ് | A2/3319/19DTD24/4/19 | 24/4/19 |
| 12 | അബ്ദുൾ ഹക്കിം – NOTY ഫുഡ്സ് | A2/2917/19DTD4/4/19 | 4/4/19 |
| 13 | രാജു വി – രാജ് ബിൽഡിങ് കൺസൾട്ടൻസി | A2/2938/19DTD5/4/19 | 5/4/19 |
| 14 | Dr ഗീതു ആർ ജി – സ്മാർട്ട് കെയർ ഡെന്റൽ | A2/2944/19DTD5/4/19 | 5/4/19 |
| 15 | സുലോചന എ പ്രൊവിഷൻ സ്റ്റോർ | A2/4169/19DTD24/5/19 | 24/5/19 |
| 16 | അബ്ദുൾ ലത്തീഫ് അൽത്താഫ് ടെക്സ്റ്റിൽസ് | A2/4054/19DTD20/5/19 | 20/5/19 |
| 17 | സാദിഖ് എം – മർവ ബേക്കറി | A2/9170/19DTD19/10/19 | 19/10/19 |
| 18 | സുദേവൻ – സ്റ്റാർ ബേക്കറി | A2/8658/19DTD26/11/19 | 26/11/19 |
| 19 | കെ വിജയൻ – മംഗലത്തു ഇലക്ട്രിക്കൽസ് | A2/8375/19DTD27/9/19 | 26/9/19 |
| 20 | കെ വിജയൻ – മംഗലത്തു ട്രേഡേഴ്സ് | A2/8371/19DTD27.9.19 | 26/9/19 |
| 21 | എം എ റഹീം – പണയിൽ പ്രൊവിഷൻ സ്റ്റോർ | A1/3975/DTD16/5/19 | 14/5/19 |
| 22 | ദിപിൻ രാജ് – ഫുട് ലൂസേഴ്സ് | A2/3290/19 DTD 20/4/19 | 20/4/19 |
| 23 | സജിത കെ – സഫ കംപ്യൂട്ടേഴ്സ് | A2/9399/19DTD26/10/19 | 26/10/19 |
| 24 | വേണുഗോപൻ – കാരുമൂല കണ്ടുകൃഷി ജനറൽ സ്റ്റോർ | A2/9398/19DTD25/10/19 | 25/10/19 |
| 25 | ജയചന്ദ്രൻ – ജയാ സ്റ്റോർ | A2/9291/19DTD23/10/19 | 23/10/19 |
| 26 | ബൈജ്ജൂൺ<br>ഡാൻ ഫാർമ | A2/9016/19DTD15/10/19 | 15/10/19 |
| 27 | ജിജി എസ് – ശ്രീകൃഷ്ണ ടീ ഷോപ് | A2/7201/19DTD21/8/19 | 21/8/19 |
| 28 | സജീർ എം – പണയിൽ സ്റ്റോഴ്സ് | A2/8954/19DTD14/10/19 | 14/10/19 |
| 29 | എ നാസർ – മദീന ബേക്കറി | A2/2946/19DTD5/4/19 | 5/4/19 |
| 30 | സെമീന – ജ്യൂസ് ലാൻഡ് | A24374DTD31/5/19 | 31/5/19 |
| 31 | സ്മിത എസ് – എസ് എ പൗൾട്ടറി ഫാം | A2/5170/19DTD28/6/19 | 28/6/19 |
| 32 | ഷാഹുൽ ഹമീദ് – ഹസീനാ ഹോട്ടൽ | A2/9881/19DTD11/11/19 | 11/11/19 |
| 33 | എം നിസാർ – വരിക്ക് മുക്ക് സ്റ്റോർ | A2/8442/19DTD30/9/19 | 30/9/19 |
| 34 | സജിത വി – ശ്രീലക്ഷ്മി ഓയിൽ ഫ്ലവർ മിൽ | A2/3022/19DTD8/4/19 | 8/4/19 |

6) POLLUTION CONTROL BOARD CERTIFICATE, Sanitary Fitness Certificate, വാടക കരാർ തുടങ്ങിയ അനുബന്ധ രേഖകൾ ഇല്ലാതെ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട് . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | ഫയൽ നമ്പർ |
|---|---|---|
| 1 | സജിത വി – ശ്രീലക്ഷ്മി ഓയിൽ ഫ്ലവർ മിൽ | A2/3022/19DTD8/4/19 |
| 2 | എസ് ഷീലജാ – ശ്രീകൃഷ്ണ സ്പ്രേ പെയിന്റിംഗ് വർക്സ് | A2/2400DTD19/03/19 |
| 3 | ഗിരീഷ് മോഹൻ എസ് – നന്ദനം ട്രേഡേഴ്സ് | A2/2825/19DTD 2/4/19 |
| 4 | സഫിയ ബീവി – സം സം സ്റ്റോർ ബേക്കറി | A2/2326/19DTD18/3/19 |
| 5 | പീതാംബരൻ നായർ -<br>പി ആൻഡ് പി എഞ്ചിനീയറിംഗ് വെൽഡിങ് വർക്ക് ഷോപ്പ് | A2/2951/19dtd5/4/19 |
| 6 | വി രാജു – ആരാമം ഓട്ടോമൊബൈൽ സർവീസ് സ്റ്റേഷൻ | A2/2135/19DTD11/3/19 |
| 7 | Dr ഗീതു ആർ ജി – സ്മാർട്ട് കെയർ ഡെന്റൽ | A2/2944/19DTD5/4/19 |
| 8 | കെ ജി ശശികുമാർ – വാട്ടർ ബേർഡ് | A2/9121/19DTD17/10/19 |
| 9 | വേണുഗോപൻ – കാരുമൂല കണ്ടുകൃഷി ജനറൽ സ്റ്റോർ | A2/9398/19DTD25/10/19 |
| 10 | ജയചന്ദ്രൻ – ജയാ സ്റ്റോർ | A2/9291/19DTD23/10/19 |
| 11 | സിമി താജുദീൻ – SQUARE PHYSIOTHERAPY | A2/8989/19DTD14/10/19 |
| 12 | ജിജി എസ് – ശ്രീകൃഷ്ണ ടീ ഷോപ് | A2/7201/19DTD21/8/19 |
| 13 | സജീർ എം – പണയിൽ സ്റ്റോഴ്സ് | A2/8954/19DTD14/10/19 |
| 14 | എ നാസർ – മദീന ബേക്കറി | A2/2946/19DTD5/4/19 |
| 15 | ഷാഹുൽ ഹമീദ് – ഹസീനാ ഹോട്ടൽ | A2/9881/19DTD11/11/19 |
| 16 | രമേശൻ എം എസ് – എം എസ് പൗൾട്ടറി ഫാം | A2/2310/19DTD16/3/19 |
| 17 | തങ്കമണി പി – ചായക്കട | A2/10470/19DTD25/11/19 |

മേൽ അപാകതകൾ സംബന്ധിച്ചുള്ള എൻക്വയറിക്ക് (നമ്പർ46/ 29.10.2021) മറുപടി സമർപ്പിച്ചിട്ടില്ല.

അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവ പൂർണവും അനുബന്ധരേഖകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ച് കൃത്യമായി ഫീസ് ഈടാക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വരും വർഷങ്ങളിൽ പ്രസ്തുത അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ

2019-2020 സാമ്പത്തിക വർഷം പഞ്ചായത്തിൽ വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-13-1 മേഖലകൾ സംബന്ധിച്ച മാപ്പ് തയ്യാറാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 40/28.10.2021) .

സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി രേഖകൾ സൂക്ഷിക്കേണ്ടത് പഞ്ചായത്ത് കമ്മിറ്റികളുടെയും സെക്രട്ടറിയുടെയും ചുമതലയാണ്. ഇപ്രകാരം ആവശ്യമായ രേഖകൾ പരിപാലിക്കാത്തതു മൂലം വരുമാനത്തിൽ ഉണ്ടാകുന്ന ചോർച്ച കണ്ടെത്താനോ അവ സമയബന്ധിതമായി പരിഹരിക്കുവാനോ കഴിയാതെ വരുന്നു. ആയതിനാൽ പ്രസ്തുത അപാകത ഉടനെ പരിഹരിച്ച് വിവരം ഓഡിറ്റിനെ അനുബന്ധരേഖകളോടൊപ്പം അറിയിക്കേണ്ടതാണ്.

### 1-13-2 റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു

2019-20 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ ചുവടെ ചേർക്കുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത രസീതുകൾ ഡേ ബുക്ക് പരിശോധിച്ചതിൽ എൻട്രി ഇല്ലാത്തവയാണ്.

| Sl.No | Ward, Door No | Year/ Period | Receipt No | Receipt Date | Amount | Collection Year | Entry Mode | Cancelled Receipt Details |
|---|---|---|---|---|---|---|---|---|
| 1 | 2/ 471 A | 2019 I | 119150101977 | 17/06/2019 | 132 | 2019 | Jansevanakendram / Front Office | Amount Stationary No. |
| | 2/ 471 A | 2019 II | 119150101977 | 17/06/2019 | 130 | 2019 | Jansevanakendram / Front Office | |
| 2 | 9/90 B | 2019 I | 119150102248 | 27/06/2019 | 2006 | 2019 | Jansevanakendram / Front Office | Amount Stationary No. |
| | 9/90 B | 2019 II | 119150102248 | 27/06/2019 | 2004 | 2019 | Jansevanakendram / Front Office | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 5/576 | 2019 I | 119150102980 | 29/07/2019 | 205 | 2019 | Jansevanakendram / Front Office | Amount Stationary No. |
| | 5/576 | 2019 II | 119150102980 | 29/07/2019 | 204 | 2019 | Jansevanakendram / Front Office | |
| 4 | 16/682 A | 2019 I | 119150107553 | 04/11/2019 | 945 | 2019 | Jansevanakendram / Front Office | Payee Details Stationary No. |
| | 16/682 A | 2019 II | 119150107553 | 04/11/2019 | 945 | 2019 | Jansevanakendram / Front Office | |
| 5 | 10/404 C | 2019 I | 119150108698 | 29/11/2019 | 361 | 2019 | Jansevanakendram / Front Office | Amount Stationary No. |
| | 10/404 C | 2019 II | 119150108698 | 29/11/2019 | 362 | 2019 | Jansevanakendram / Front Office | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/28.10.2021) സഞ്ചയ സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറു മൂലമാണ് സംഭവിച്ചതെന്നും വരും വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

പ്രസ്തുത അപാകത സംഭവിച്ച സഞ്ചയയിലെ മുഴുവൻ എൻട്രികളും കണ്ടെത്തി ഉടനെ റസീപ്റ്റ് വിവരങ്ങൾ കാലികമാക്കേണ്ടതാണ്. ഇപ്രകാരം വസ്തുനികുതിയിനത്തിൽ ലഭ്യമാകേണ്ട തുകകൾ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി പുതിയ റസീപ്റ്റ് വിവരങ്ങൾ സഞ്ചയയിൽ നൽകി അപാകതകൾ പരിഹരിച്ച റിപ്പോർട്ട് കൃത്യമായ റസീപ്റ്റ് വിവരങ്ങളടക്കം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വരുംവർഷങ്ങളിൽ പ്രസ്തുത അപാകത സംഭവിക്കാതെ എൻട്രികൾ കാലികമാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-13-3 മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

ബി.എസ്.എൻ.എൽ മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. സഞ്ചയയിൽ നിന്നും ലഭ്യമായ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ വിവരങ്ങൾ | നികുതി നിലവിൽ വന്ന വർഷം | നികുതിയിനത്തിൽ ഒടുക്കാനുള്ള തുക |
|---|---|---|---|
| 1/559 A | സബ്ഡിവിഷണൽ എഞ്ചിനിയർ,ബി എസ് എൻ എൽ മൊബൈൽ സർവീസ്,റ്റി ബി ജംഗ്ഷൻ,ആറ്റിങ്ങൽ | 2013-Ist Half | 13216/- (2013 First Half മുതൽ ഓരോ അർദ്ധവർഷവും 944 രൂപ വീതം) |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (45/28.10.2021) റവന്യൂ റിക്കവറി നടപടികൾ പ്രസ്തുത അപാകതയിന്മേൽ നടക്കുകയാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 പൊതുമാർക്കറ്റുകളിൽ നിന്നുമുള്ള വരുമാനം വർദ്ധിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ പൊതു മാർക്കറ്റുകളിൽ നിന്നും കഴിഞ്ഞ നാല് വർഷം ഗേറ്റ് ഫീസ് പിരിവ് ലേലം ഉറപ്പിച്ച നല്കിയ ഇനത്തിൽ ലഭിച്ച വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പബ്ലിക് മാർക്കറ്റ് | വരവ് |
|---|---|---|

| | | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| 1 | മംഗലപുരം | 85000 | 89500 | 94500 | 101500 |
| 2 | കൈലാത്തുകോണം | 33000 | 35600 | 37600 | 40000 |
| 3 | മുരുക്കുംപുഴ | 225000 | 237750 | 0 | 172000 |
| | ആകെ | 343000 | 362850 | 132100 | 313500 |

ലേല തുകയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. മുരുക്കുംപുഴ മാർക്കറ്റിൽ നിന്നുള്ള വരവ് മുൻ വർഷങ്ങളേക്കാൾ കുറഞ്ഞതായി കാണുന്നു. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഗതാഗതം തടസ്സപ്പെടുത്തുന്ന രീതിയിൽ അനധികൃത ചന്തകൾ(ഉദാഹരണം- ഹൈവേക്കടുത്തുള്ള ചെമ്പകമംഗലം ചന്ത) നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു മാർക്കറ്റിൽ ആളുകൾ എത്താത്തതിനാൽ ലേലം പിടിക്കാൻ ആരും തയ്യാറാകാത്ത സാഹചര്യമാണ് ഉണ്ടായിരുന്നതെന്നും ഗ്രാമപഞ്ചായത്തിൽ അനധികൃ മാർക്കറ്റുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 69/ 30.10.2021ന്റെ മറുപടി). ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04.10.2019ലെ യോഗത്തിൽ ചെമ്പകമംഗലം ചന്ത പ്രവർത്തിച്ചു വരുന്നത് പഴയ NH ലാണെന്നും പ്രസ്തുത സ്ഥലം വിട്ടുതരുന്നതിന് NH അധികൃതരോട് അഭ്യർത്ഥിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ചന്ത അനധികൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്.

അനധികൃത മാർക്കറ്റുകളുടെ നിയന്ത്രണത്തിനായും പൊതുമാർക്കറ്റിൽ നിന്നുമുള്ള വരുമാനത്തിന്റെ വർദ്ധനവിനായും ഉചിതമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-15 ലേലം - നടപടിക്രമങ്ങളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-2020വർഷത്തെ ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലേല നിബന്ധന പ്രകാരം തവണ തുകകൾ ജൂലൈ 31, നവംബർ 30 എന്നീ തീയതികളിലാണ് ഒടുക്കേണ്ടത്. അല്ലാത്തപക്ഷം 18 % പിഴപ്പലിശ കൂടി ഒടുക്കേണ്ടതാണ്. താഴെ പറയുന്ന വ്യക്തികളിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല

| പേര് | ലേല ഇനം | ലേലം കൊണ്ട തുക | തുക ഒടുക്കിയ തീയതി |
|---|---|---|---|
| ഷെഫീഖ് | മംഗലാപുരം പബ്ലിക് മാർക്കറ്റ് | 101500 | 23/3/2020 |
| അനിൽ കുമാർ | മുരുക്കുംപുഴ പബ്ലിക് മാർക്കറ്റ് | 172000 | രണ്ടാമത്തെ ഗഡു -16.8.19<br>മൂന്നാമത്തെ ഗഡു -29.1.2020 |

2)ബിനു എന്ന വ്യക്തി കൈലാത്തുകോണം പബ്ലിക് മാർക്കറ്റ് 40000 രൂപയ്ക്ക് ലേലം കൊണ്ടു. ഡെപ്പോസിറ്റും ആദ്യ ഗഡുവും ചേർത്തു 14933 രൂപ ഒടുക്കി. ബാക്കിയുള്ള 25067 രൂപ 3/3/ 2020 നാണ് അടച്ചത്. പിഴപ്പലിശ ഇനത്തിൽ 4512 രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 600 രൂപ മാത്രമാണ് ഈടാക്കിയത്.

പിഴപ്പലിശ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (എൻക്വയറി നമ്പർ 62/30.10.2021). തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പ്രത്യേക കന്നുകുട്ടി പരിപാലനം ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 10,25,000 രൂപ തടസപ്പെടുത്തുന്നു

1) പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാൻ വേണ്ടി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി 2019-20 വർഷം ചുവടെ ചേർക്കും പ്രകാരം വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പേര് | ഫണ്ട് | ചെലവ് | ബിൽ നമ്പർ, തുക |
|---|---|---|---|---|
| SO080/20 | കന്നുകുട്ടി പരിപാലനം ജനറൽ | വികസന ഫണ്ട് ജനറൽ | 9,00,000 | 3/25.09.19<br>തുക - 5,00,000<br>4/02.11.19<br>തുക – 1,62,500<br>5/14.11.19<br>തുക - 2,12,500<br>9/19.02.20<br>തുക- 25,000 |
| SO088/20 | കന്നുകുട്ടി പരിപാലനം എസ്.സി.പി | വികസന ഫണ്ട് എസ്.സി.പി | 1,25,000 | 7/06.02.20<br>തുക - 62,500<br>8/19.02.20<br>തുക- 62,500 |

ജനറൽ പ്രോജക്ടിൽ 72 ഗുണഭോക്താക്കൾക്ക് 12,500/- രൂപ ക്രമത്തിൽ വികസന ഫണ്ടിൽ നിന്നും 9,00,000 രൂപ തിരുവനന്തപുരം S.L.B.P ഡപ്യൂട്ടി ഡയറക്ടർക്ക് നൽകിയിരുന്നു. എസ്.സി.പി പ്രോജക്ടിൽ, 10 ഗുണഭോക്താക്കൾക്ക്

12,500 രൂപ ക്രമത്തിൽ ആനുകൂല്യം നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 1,25,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 58/30.10.2021ന്റെ മറുപടി). ആയതിനാൽ ആകെ 10,25,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

2) പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി കഴിഞ്ഞ നാല് വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | എസ്.എൽ.ബി. പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2016-17 | 12,50,000 | 100 |
| 2017-18 | 12,50,000 | 100 |
| 2018-19 | 11,25,000 | 90 |
| 2019-20 | 9,00,000 (ജനറൽ) | 72 |
| 2019-20 | 1,25,000 (എസ്.സി.പി) | 10 |
| ആകെ | 46,50,000 | 372 |

കഴിഞ്ഞ 4 വർഷങ്ങളിലായി ആകെ 46,50,000 രൂപ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി ചെലവിനായി തിരുവനന്തപുരം S.L.B.P ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിരുന്നു. എന്നാൽ പ്രസ്തുത തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

## 1-17 മൃഗാശുപത്രികൾക്കായി വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| നമ്പർ | 77/19-20 |
| പദ്ധതി അടങ്കൽ | 3,50,000<br>(വികസന ഫണ്ട് -45,149<br>തനത് ഫണ്ട് - 4,851<br>റോഡിതര മെയിന്റനൻസ് ഫണ്ട്- 3,00,000) |
| പദ്ധതി ചെലവ് | 3,50,000<br>(വികസന ഫണ്ട് -45,149<br>തനത് ഫണ്ട് - 4,851<br>റോഡിതര മെയിന്റനൻസ് ഫണ്ട്- 3,00,000) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പദ്ധതിയുടെ ഭാഗമായി മുരുക്കുംപുഴ, വേങ്ങോട് മൃഗാശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് മുൻപായി അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ വെറ്ററിനറി സ്റ്റോർ- ൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരുന്നു. അതു പ്രകാരം 42 ഇനം മരുന്നുകളാണ് സ്റ്റോക്കിലില്ലാത്തത്. എന്നാൽ 47 ഇനം മരുന്നുകളാണ് നീതി മെഡിക്കൽസിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം വാങ്ങിയിരിക്കുന്നത്. ഓരോ മൃഗാശുപത്രിയ്ക്കു വേണ്ടിയും വാങ്ങിയ മരുന്നുകൾ അതാത് ആശുപത്രികളിലെ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നീതി മെഡിക്കൽസിൽ നിന്നും വിവിധ ക്യാഷ് ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുള്ള മരുന്നുകളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 67/30.10.2021) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 ആസ്തി സംരക്ഷണം - തുടർ നടപടികൾ അനിവാര്യം

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല. ഭൂരിഭാഗം ആസ്തികളുടെയും മൂല്യം രേഖപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്, നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്നും അവ ഉടൻതന്നെ സചിത്ര സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/23.10.2021) .

2018-19, 2019-20 വർഷങ്ങളിലെ B11ഷെഡ്യൂൾ പ്രകാരം ഒരേ തുക തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| Land Others | 933195 |
| Roads - Tarred | 6789451 |
| Culverts | 482656 |
| Movable Assets - Vehicle | 709830 |

എന്നാൽ, 19-20 വർഷം മരാമത്ത് പ്രവൃത്തികൾ മുഖേന പുതിയ ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പേര് | ചെലവ് തുക |
|---|---|---|
| 19/20 | കരിത്തലയ്ക്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ് | 517279 |
| 211/20 | മോഹനപുരം -മൃഗാശുപത്രി റോഡ് മെറ്റലിംഗ് &ടാറിംഗ് | 49393 |

ഇതിൽ നിന്നും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ലായെന്ന് വ്യക്തമാകുന്നു.

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് (നമ്പർ 42/28.10.2021) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 കുടിവെള്ള ടാങ്കുകൾ പ്രോജക്ടിനനുസൃതമായി സ്ഥാപിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO202/20 |
| പേര് | കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൌകര്യമൊരുക്കൽ |
| അടങ്കൽ തുക | 50000 (തനത് ഫണ്ട്) |
| ചെലവ് തുക | 47158 |
| ചെക്ക് നമ്പർ | 5919404/12.03.2020 |
| കരാറുകാരൻ | ദീപു,എസ്. (എസ്റ്റിമേറ്റ് നിരക്ക്) |
| എം ബുക്ക് നമ്പർ | 324/19-20 |

റവന്യൂ വകുപ്പ് നല്കിയ മൂന്ന് പിവിസി ടാങ്കുകൾ മംഗലപുരം, 16-ാം മൈൽ, കൈലാത്തുകോണം ജംഗ്ഷനുകളിൽ സ്ഥാപിക്കുന്നതിന് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനായുള്ള പ്രോജക്റ്റ്.

മൂന്ന് ടാങ്കുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ, രണ്ട് എണ്ണത്തിന്റെ പ്ലാറ്റ്ഫോം പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി Supporting Wallന് വേണ്ടി ഓരോ ഇനത്തിലും അധിക അളവിൽ എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തി, പ്രവൃത്തി ചെയ്തതിന് തുക നല്കി. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുമില്ല.

വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ചരിഞ്ഞ ഭൂമി ആയതുകൊണ്ട് രണ്ട് വശവും സംരക്ഷണഭിത്തി ചെയ്തുമാത്രമേ പ്ലാറ്റ്ഫോം നിർമ്മിക്കാൻ സാധിക്കുമായിരുന്നുള്ളുവെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 54/29.10.2021ന്റെ മറുപടി). എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുൻപായി സ്ഥലപരിശോധന നടത്താഞ്ഞതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ച മൂന്ന് ടാങ്കുകളിൽ രണ്ടെണ്ണം മംഗലപുരം. 16-ാം മൈൽ ജംഗ്ഷനുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപിക്കാത്ത ടാങ്കിന്റെ ലേല നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-20 പകൽ വീടിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് കൈമാറിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | SO157/20 | |
| പേര് | പകൽ വീടിന് അടിസ്ഥാന സൌകര്യമൊരുക്കലും ഫർണിച്ചർ വാങ്ങലും | |
| | അടങ്കൽ തുക | ചെലവ് തുക |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 249530 | 207746 |
| തനത് ഫണ്ട് | 10000 | 0 |
| ആകെ | 259530 | 207746 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | |

പകൽവീടിന്റെ യാഡ് ഇന്റർലോക്കിടുന്നതിനും ഫർണിച്ചറും പാത്രങ്ങളും വാങ്ങുന്നതിനുമായി 18-19 വർഷം 101000രൂപ വകയിരുത്തി (പ്രോജക്റ്റ് നമ്പർ176/19) സിവിൽ പ്രവൃത്തിക്കായി 369204 രൂപയും ഫർണിച്ചർ

വാങ്ങുന്നതിനായി 381266 രൂപയും ചെലവഴിച്ചിരുന്നു. ഗവൺമെന്റ് ഇൻസ്ട്രുമെന്റ് വർക്ക്ഷോപ്പിന്റെ (സിഡ്കോ യൂണിറ്റ്) 18.12.2018ലെ 381267രൂപയുടെ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 24.01.2019ൽ സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. ഏതാനും ചെക്കുകളുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ ഫയലിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, 2019-20 വർഷം 2,077,46 രൂപയുടെ ഫർണിച്ചർ വാങ്ങിയതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 65/30.10.2021). സാധനങ്ങൾ സ്റ്റോക്കിലെടുത്ത് കൈമാറിയതിന്റെ വിവരം ലഭ്യമല്ല. 2019-20 വർഷം ബ്ലോക്ക് വിഹിതമായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ട്രഷറി ചെക്ക് നമ്പർ | തുക |
|---|---|
| 5919424 | 44146 |
| 5919425 | 46028 |
| 5919426 | 37304 |
| 5919427 | 49557 |
| ലഭ്യമല്ല | 30711 |
| ആകെ | 207746 |

സാധനങ്ങളുടെ വ്യക്തമായ സ്റ്റോക്ക് വിതരണ രേഖകളുടെ അഭാവത്തിൽ 2019-20 വർഷത്തെ 2,07,746 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സ്കൂളിന് താല്ക്കാലിക ഷെഡ് നിർമ്മാണം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO186/20 | |
| പേര് | ഇടവിളാകം ഗവ. യു.പി.എസിന് താല്ക്കാലിക ഷെഡ് നിർമ്മാണം | |
| | അടങ്കൽ തുക | ചെലവ് തുക |
| ധനകാര്യ കമ്മീഷൻ അവാർഡ് | 360000 | 322938 |
| തനത് ഫണ്ട് | 115000 | 115000 |
| ആകെ | 475000 | 437938 |
| ബിൽ നമ്പർ | 15/20.08.2019 | |
| കൺവീനർ | രേണുക.എം.എൽ. | |

| എം. ബുക്ക് നമ്പർ | 346/18-19 |
|---|---|

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനുവദിച്ച പുതിയ കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി നിലവിലെ ക്ലാസ് റൂമുകൾ പൊളിച്ചുമാറ്റിയതിനാൽ താല്കാലിക ഷെഡ് നിർമ്മിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്ട്.

പ്രസ്തുത പ്രവൃത്തിക്കായി ചുവടെ ചേർക്കുന്ന ഇനങ്ങളാണ് നിർവ്വഹിച്ചിട്ടുള്ളത്.

| നമ്പർ | ഇനം |
|---|---|
| 1 | Earthwork Excavation (Site Leveling) |
| 2 | Earthwork Excavation (Foundation, Pillar) |
| 3 | Cement Concrete (Foundation Belt) |
| 4 | Cement Concrete (Pillar Support) |
| 5 | Solid Block Masonary (Foundation & Basement) |
| 6 | Hollow Block Masonary (Half Wall & Pillar) |
| 7 | Steel Work |
| 8 | Iron Profile Sheet |
| 9 | Cement Plastering (Floor) |
| 10 | Cement Plastering (Half Wall & Pillar) |
| 11 | Providing & Fixing Plywood (Partition) |
| 12 | MS Sheet (Door) |
| | Electrification |

1)പ്രസ്തുത ഷെഡ് സ്ഥാപിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തിയുടെ ഭൂമിയിലാണ്. ഭൂമിയുടെ ഉടമസ്ഥനുമായി കരാർ ചമച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 38/28.10.2021) കരാറിന്റെ പകർപ്പ് ലഭ്യമാക്കിയില്ല.

2)എം.ബുക്ക്, ബിൽ എന്നിവ പ്രകാരം മുൻകൂറായി കൺവീനർക്ക് 113000 രൂപ നല്കിയതായി കാണുന്നു. പ്രസ്തുത ചെലവിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ഷെഡ് ഇപ്പോഴും നിലവിലുണ്ടെന്നും പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനാൽ ഷെഡ് പൊളിച്ചുമാറ്റുന്നതിനുള്ള വാല്യുവേഷൻ നല്കുന്നതിനായി കത്ത് ലഭിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം ആരോഗ്യ മേഖലയിൽ മെഡിക്കൽ ഓഫീസർ- പി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2019-2020 വർഷ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പദ്ധതി രൂപീകരണപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. പ്രോജക്ട് നമ്പർ 60, 59 എന്നിവയ്ക്ക് ആവശ്യമായ മരുന്നുകളുടെ ആവശ്യകതാ നിർണയം നടപ്പിലാക്കിയതെപ്രകാരമാണെന്ന ഫയലിൽ വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ മരുന്നുകൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത പ്രോജക്ടുകൾക്ക് ആവശ്യമായ മരുന്നുകൾ ആവശ്യപ്പെട്ടുകൊണ്ട് സ്ഥാപനത്തിനു അയച്ച കത്തിന്റെ പകർപ്പ്, ഇന്റന്റ് എന്നിവ ഹാജരാക്കിയില്ല.

3. സ്റ്റോർസ് പർച്ചേസ് 2013 ഖണ്ഡിക 12.22 പ്രകാരം പുതിയ വാങ്ങലുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രോജക്ട് നമ്പർ 60, 59 എന്നിവയുടെ ബില്ലിന്റെ ഓഫീസ് പകർപ്പിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ആവശ്യപ്പെട്ട മരുന്നുകളുടെ വിതരണ കാലാവധിയും അനുബന്ധ സേവനങ്ങളുടെ പൂർത്തീകരണവും നിശ്ചിത തീയതി സഹിതം കരാറിൽ കൃത്യമായി സൂചിപ്പിക്കേണ്ടതാണ് (സ്റ്റോർസ് പർച്ചേസ് മാനുവൽ 2013 ഖണ്ഡിക 10.1) . ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇപ്രകാരമുള്ള കരാറിൽപ്രസ്തുത പ്രോജക്ടുകളുടെ (പ്രോജക്ട് നമ്പർ 60,59) നിർവ്വഹണസമയത്ത് ഏർപ്പെട്ടിട്ടില്ല.

5. പ്രോജക്ട് നമ്പർ 181 (അന്യ സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ പരിപാടികളും )- ന സുലേഖ ചെലവു പത്രിക പ്രകാരം തനതു ഫണ്ടിൽ നിന്നും 40705/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

6. പ്രോജക്ട് നമ്പർ 176 (മംഗലപുരം പി എച്ച് സി-യിലെ വൈദ്യുതി ചാർജ്, ഇന്റർനെറ്റ് ചാർജ്,ടെലഫോൺ ചാർജ്, വാട്ടർ ചാർജ് മറ്റ് കണ്ടിജന്റ് ചെലവുകൾ അടവാക്കൽ)- ന സുലേഖ ചെലവു പത്രിക പ്രകാരം തനതു ഫണ്ടിൽ നിന്നും 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. പ്രോജക്ട് നമ്പർ 59 സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ/തീയതി |
|---|---|
| 59- പാലിയേറ്റീവ് കെയർ2019-2020 | 02തീയതി22/08/2019 തുക 138675/-<br>05തീയതി10/10/2019 തുക 282603/-<br>09തീയതി15/11/2019 തുക 61635/-<br>10തീയതി13/12/2019 തുക 194950/-<br>12തീയതി17/01/2020 തുക 40650/-<br>13തീയതി24/01/2020 തുക 24971/-<br>14തീയതി11/02/2020 തുക 30869/-<br>15തീയതി11/02/2020 തുക 65326/-<br>17തീയതി20/02/2020 തുക 31150/-<br>19തീയതി12/03/2020 തുക 45650/-<br>തനത് ഫണ്ട്- 30000/- (ചെക്ക് നമ്പർ, തീയതി എന്നിവ ഫയൽ/ കാഷ് ബുക്കിൽ ലഭ്യമല്ല) |
| ആകെ ചെലവ് തുക | 946479/- |

എ) പ്രസ്തുത പ്രോജക്ടിൽ, ബിൽ നമ്പർ 05, 10, 13, 15 എന്നിവ പ്രകാരം മരുന്നുകൾ വാങ്ങിയതിന്റെ പെർഫോമ ഇൻവോയ്സ് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ഇവയുടെ ടാക്സ് ഇൻവോയ്സ് ലഭ്യമല്ലാത്തതിനാൽ ലഭ്യമായ മരുന്നുകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

ബി) തനതു ഫണ്ടിൽ നിന്നും സുലേഖ ചെലവു പത്രിക പ്രകാരം 30000/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് സംബന്ധിച്ച വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. പ്രോജക്ട് നമ്പർ 60 സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ/തീയതി |
|---|---|
| 60- പ്രൈമറി ഹെൽത്ത് സെന്ററിനു മരുന്നു വാങ്ങൽ | 06 തീയതി 10/10/2019 തുക 600000/-<br>20 തീയതി 18/03/2020 തുക 400000/- |
| ആകെ ചെലവ് തുക | 1000000/- |

എ) പ്രസ്തുത പ്രോജക്ടിനായി, ബിൽ നമ്പർ 06 പ്രകാരം മരുന്നുകൾ വാങ്ങിയതിന്റെ പ്രഫോമ ഇൻവോയ്സ് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ഇവയുടെ ടാക്സ് ഇൻവോയ്സ് ലഭ്യമല്ലാത്തതിനാൽ ലഭ്യമായ മരുന്നുകളുടെ

ആധികാരികത പരിശോധിക്കാനായിട്ടില്ല.

ബി) പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടാക്സ് ഇൻവോയ്സ് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | C398/2020-21 Dtd 14/04/2020 | 100239/- |
| 2 | C648/2020-21 Dtd 23/04/2020 | 17498/- |
| 3 | C126/2020-21 Dtd 04/04/2020 | 232968.50/- |
| 4 | C8729/2020-21 Dtd 23/09/2020 | 6551.50/- |
| 5 | C9958/2020-21 Dtd 20/10/2020 | 3950/- |
| ആകെ തുക | | 361207/- |

ബാക്കി തുക സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് സമർപ്പിച്ച രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ലഭ്യമായ മരുന്നുകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

9. പ്രോജക്റ്റ് നമ്പർ 61സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ/തീയതി |
|---|---|
| 61- ജീവിത ശൈലി രോഗ നിർണ്ണയം | 18 തീയതി 07/03/2020 തുക 150000/- |
| ആകെ ചെലവ് | 150000/- |

ഉപകരണങ്ങൾ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടാക്സ് ഇൻവോയ്സ് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | SMSD/19-20/312 Dtd 23/12/2019 | 84919/- |
| 2 | SMSD/19-20/313 Dtd 30/01/2020 | 65081/- |
| ആകെ തുക | | 150000/- |

പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വാങ്ങലിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

10. പ്രോജക്റ്റ് നമ്പർ 58സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ/തീയതി |
|---|---|
| 58- സാന്ത്വനം മാനസികാരോഗ്യ പരിപാടി 2019-20 | 03 തീയതി 22/08/2019 തുക 285729/-<br>04 തീയതി 10/10/2019 തുക 41997/-<br>08 തീയതി 15/11/2019 തുക 91737/-<br>11 തീയതി 17/01/2019 തുക 48051/-<br>തനത് ഫണ്ട്- 121829/- (ചെക്ക് നമ്പർ, തീയതി എന്നിവ ഫയൽ/ കാഷ് ബുക്കിൽ ലഭ്യമല്ല) |

| | |
|---|---|
| ആകെ തുക | 589343/- |

തനതു ഫണ്ടിൽ നിന്നും സുലേഖ ചെലവു പത്രിക പ്രകാരം 121829/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് സംബന്ധിച്ച വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ/തീയതി |
|---|---|
| 62- പി എച്ച് എസിയിലെ ഡോക്ടർക്ക് വേതനം നൽകൽ | 01 തീയതി 22/08/2019 തുക 145000/-<br>07 തീയതി 14/10/2019 തുക 55000/-<br>തനത് ഫണ്ട്- 198750/- (ചെക്ക് നമ്പർ, തീയതി എന്നിവ ഫയൽ/ കാഷ് ബുക്കിൽ ലഭ്യമല്ല) |
| ആകെ ചെലവ് | 398750/- |

എ) പ്രസ്തുത പദ്ധതിയുടെ 200000/-രൂപയുടെ സാംഖ്യയിൽ തയ്യാറാക്കിയ TR 59(E) ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അനുബന്ധരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി) തനത് ഫണ്ടിൽ നിന്നും സുലേഖ ചെലവു പത്രിക പ്രകാരം 198750/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് സംബന്ധിച്ച വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സി) പ്രസ്തുത ഡോക്ടറുടെ നിയമനം, യോഗ്യത, വേതനം, സേവനം എന്നിവ സംബന്ധിച്ച ഉത്തരവുകളുടെയും നടപടിക്രമങ്ങളുടെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല..

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (72/30.10.2021) മറുപടി ലഭ്യമായില്ല.
പ്രസ്തുത ചെലവുരേഖകളും അനുബന്ധരേഖകളും ഉടനെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണയിക്കുന്നതാണ്.

## 1-23 മെഡിക്കൽ ഓഫീസർ - ആയുർവേദം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2019-2020 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2019-2020 വർഷ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2.പ്രോജക്ട് നമ്പർ 69,71,74,75,78,81 എന്നിവയ്ക്ക് ആവശ്യമായ മരുന്നുകളുടെ ആവശ്യകതാ നിർണ്ണയം നടപ്പിലാക്കിയതെപ്രകാരമാണെന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. പ്രസ്തുത പ്രോജക്ടുകൾക്ക് ആവശ്യമായ മരുന്നുകൾ ആവശ്യപ്പെട്ടുകൊണ്ട് സ്ഥാപനത്തിനു അയച്ച കത്തിന്റെ പകർപ്പ്, ഇന്റന്റ് എന്നിവ ഹാജരാക്കിയില്ല.

3. സ്റ്റോർസ് പർച്ചേസ് 2013 ഖണ്ഡിക 12.22 പ്രകാരം പുതിയ വാങ്ങലുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ, പ്രോജക്ട് നമ്പർ 69, 71, 74, 75, 78, 81 എന്നിവയുടെ ബില്ലിന്റെ ഓഫീസ് പകർപ്പിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ആവശ്യപ്പെട്ട മരുന്നുകളുടെ വിതരണ കാലാവധിയും അനുബന്ധ സേവനങ്ങളുടെ പൂർത്തീകരണവും നിശ്ചിത തീയതി സഹിതം കരാറിൽ കൃത്യമായി സൂചിപ്പിക്കേണ്ടതാണ് (സ്റ്റോക്ക് പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 10.1) . ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇപ്രകാരമുള്ള കരാറിൽ പ്രസ്തുത പ്രോജക്ടുകളുടെ (പ്രോജക്ട് നമ്പർ 69,71,74,75,78,81) നിർവ്വഹണസമയത്ത് ഏർപ്പെട്ടിട്ടില്ല.

5. പ്രോജക്ട് നമ്പർ 71, 81 എന്നീ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ/തീയതി | ഫണ്ട്- തുക |
|---|---|---|

| | | |
|---|---|---|
| 71- സിദ്ധ ഡിസ്പൻസറിക്ക് മരുന്ന വാങ്ങൽ | 01തീയതി 03/09/2019 | മെയിന്റനൻസ് ഫണ്ട്- റോഡിതരം 600000/- |
| 81- സിദ്ധ പാലിയേറ്റീവ് കെയർ | 03/ തീയതി 30/09/2019 തുക 100000/-<br>04 തീയതി 30/09/2019 തുക 100000/- | പൊതുവിഭാഗം സാധാരണ വിഹിതം- 100000/-<br>മെയിന്റനൻസ് ഫണ്ട്- റോഡിതരം- 100000/- |

പ്രസ്തുത പദ്ധതികളുടെ പ്രഫോമ ഇൻവോയ്സ് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ഇവയുടെ ടാക്സ് ഇൻവോയ്സ് ലഭ്യമല്ലാത്തതിനാൽ ലഭ്യമായ മരുന്നുകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6.

| | |
|---|---|
| പ്രോജക്ട് നമ്പർ- പേര് | 74- വൃദ്ധജനപരിപാലന പ്രോജക്ട് (വയോഅമൃതം) |
| ബിൽ വിവരങ്ങൾ | 02 തീയതി 03/09/2019 തുക 495000/-<br>08 തീയതി 05/02/2020 തുക 5000/- |
| ഫണ്ട്- തുക | പൊതുവിഭാഗം സാധാരണ വിഹിതം- 500000/- |

എ) പഞ്ചായത്തിലെ വൃദ്ധരും അവശരുമായ രോഗികളിൽ നിന്നും സാമ്പത്തികാവസ്ഥയുടെ അടിസ്ഥാനത്തിൽ 100 പേരെ തിരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന വിധേയമായി അർഹതപ്പെട്ട രോഗികളുടെ ലിസ്റ്റ് തയ്യാറാക്കി ആവശ്യമുള്ള മരുന്നുകൾ രണ്ടാഴ്ചയിലൊരിക്കൽ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം വിതരണം ചെയ്യുവാനായിട്ടാണ് പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. ഔഷധിയിൽ നിന്നും വാങ്ങിയ മരുന്നുകളുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

പരിശോധനയ്ക്ക് ലഭ്യമാക്കിയ രോഗികളുടെ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ഉള്ളതായോ ലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥരോ കമ്മിറ്റിയംഗങ്ങളോ സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല. ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലിസ്റ്റിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

അർഹരായ രോഗികൾക്ക് മരുന്ന വിതരണം ചെയ്തതായുള്ള രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരം അർഹരായവർക്ക് മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കാനായിട്ടില്ല.

ബി) പദ്ധതി പ്രകാരം രജിസ്റ്ററുകൾ, പേപ്പർ, പേന, രോഗികൾക്കുള്ള കൈപ്പുസ്തകം എന്നിവ വാങ്ങുന്നതിനായി 5000/- രൂപ വയകിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ബിൽ നമ്പർ 08 തീയതി 05/02/2020 (തുക 5000/- ) പ്രകാരം നൽകിയിരിക്കുന്നത് ഔഷധിക്കാണ്.

ഇപ്രകാരം രജിസ്റ്ററുകൾ, പേപ്പർ, പേന, രോഗികൾക്കുള്ള കൈപ്പുസ്തകം എന്നിവയ്ക്കുള്ള തുക ഔഷധിയ്ക്ക് നൽകിയതിന്റെ വിശദീകരണം ലഭ്യമാക്കിയില്ല.

7.

| | |
|---|---|
| പ്രോജക്ട് നമ്പർ- പേര് | 75- സ്ത്രീ രോഗങ്ങൾക്കുള്ള പ്രത്യേക പരിശോധന ചികിത്സാ പ്രോജക്ട് |
| ബിൽ വിവരങ്ങൾ | 07തീയതി 18/01/2020 തുക 150000/- |
| ഫണ്ട്- തുക | വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം- 150000/- |

എ) പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ- തീയതി | തുക |
|---|---|---|
| 1 | 90180902 Dtd 28/09/2020 | 5542/- |
| 2 | 90167518 Dtd 30/06/2020 | 6518/- |
| 3 | 90158214 Dtd 24/03/2020 | 23611/- |
| 4 | 90158241 Dtd 24/03/2020 | 12033/- |
| 5 | 90150933 Dtd 31/01/2020 | 35611/- |
| 6 | 90154109 Dtd 28/02/2020 | 60137/- |
| ആകെ | | 143452/- |

ബിൽ നമ്പർ 07 തീയതി 18/01/2020 പ്രകാരം ഔഷധിയ്ക്ക് നൽകിയ തുക 150000/-രൂപയാണ്. ബാക്കിയുള്ള തുകയെ സംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബി) പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലഭ്യമാക്കിയ ലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളെ സംബന്ധിച്ച അനുബന്ധവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളുടെ വിവരങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള സേവനം ലഭ്യമാക്കിയ വിവരങ്ങൾ (രജിസ്റ്ററുകൾ, രേഖകൾ, മരുന്നു വിതരണം സംബന്ധിച്ച വിവരങ്ങൾ, ഗുണഭോക്താക്കളുടെ രോഗ വിവരങ്ങൾ, ചികിത്സാ വിവരങ്ങൾ) എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി പ്രകാരമുള്ള സേവനം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമായോ എന്ന് പരിശോധിക്കാനായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (57/30.10.2021) മറുപടി ലഭ്യമായില്ല.

പ്രസ്തുത അപാകതകൾ സംബന്ധിച്ച ചെലവ് രേഖകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണയിക്കുന്നതാണ്.

## 1-24 ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ- നടപടിക്രമങ്ങളിൽ അപാകത കെ.എസ്.ഇ.ബിക്ക് ഫ്ലഡ് സെസ് ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | ശാസ്തവട്ടം-തോപ്പ്മുക്ക് ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 220/20 |
| അടങ്കൽ | 3,59,480 തനത്ഫണ്ട് |
| ചെലവ് | 3,59,480 |
| ചെക്ക് നമ്പർ | 6045290/20.2.20 |

1)2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 3,59,380/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. 2019-20 വർഷം നടപ്പിലാക്കേണ്ട പ്രോജക്ടിനു കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്

19.6.2020ൽ മാത്രമാണ്. കരാറിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള തീയതി രേഖപ്പെടുത്തിയിട്ടില്ല.
2)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

3)കെ.എസ്.ഇ.ബിയുടെ 25.6.2019ലെ എഫ് എ/ടാക്സ് സെൽ/ജി എസ് ടി/ഫ്ലഡ് സെസ് 19-20 സർക്കുലർ പ്രകാരം ജി എസ് ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും ഫ്ലഡ് സെസ് ഈടാക്കുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കെ.എസ്.ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം പഞ്ചായത്ത് അടവാക്കിയ തുകയിൽ ഫ്ലഡ് സെസ് ഇനത്തിൽ 3020/-രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 15 തീ 26.10.21ന്റെ മറുപടി) . ഫ്ലഡ് സെസ് ഇനത്തിൽ നൽകിയ 3020/- രൂപ കെ.എസ്.ഇ.ബിയിൽ നിന്നും തിരികെ ഈടാക്കുകയോ തുടർ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-25 നിക്ഷേപ പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല-ബാക്കി നില്ക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | മുരിങ്ങമൺ വാർഡിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 57/20 |
| അടങ്കൽ | 7,70,000/- |
| ചെലവ് | 7,70,000/- |
| ബിൽ നം/വൗച്ചർ നം | 13/18.7.19 തുക 6,00,000/-,<br>394/11.7.19 തുക 1,70,000/- |

മുരിങ്ങമൺ വാർഡിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി 7,70,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി കരാറിൽ കരാർ ഏർപ്പെട്ടിരിക്കുന്നത് 20.6.2020ൽ മാത്രമാണ്. സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ തുക നൽകി 11 മാസങ്ങൾക്ക് ശേഷമാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ തുടർ വിവരങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഷയത്തിന് വിശദീകരണമാവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നമ്പർ 11/25.10.21) 653341 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയുണ്ടായി.
വാട്ടർ അതോറിറ്റിയിൽ ബാക്കി നിൽക്കുന്ന തുകയായ 116659 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാതാണ്.

## 1-26 ലൈഫ് , ഭവന പുനരുദ്ധാരണം പദ്ധതികൾ 2019-20 - നടപടി ക്രമങ്ങളിൽ വീഴ്ച

വിഇഓ സർക്കിൾ 2 നിർവ്വഹണം നടത്തിയ പദ്ധതികളുടെ നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | സുലേഖ പ്രകാരമുള്ള ചെലവ് | അപാകതകൾ |
|---|---|---|---|
| 1 | PMAYജനറൽ, 50/20 | 2,50,000 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | ലൈഫ് ജനറൽ 52/20 | 67,86,153 | കരാറുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. മിക്ക അപേക്ഷകളിലും വരുമാന സർട്ടിഫിക്കറ്റ് , കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | ചില അപേക്ഷകളിൽ റേഷൻ കാർഡിന്റെ പകർപ്പ് ഇല്ല. (ഉദാ.പ്രസന്നൻ, ലേഖ, മധുവിലാസം,മംഗലപുരം) മോണിറ്ററിംഗ് റിപ്പോർട്ടിൽ വിഇഓയുടെ ഒപ്പ് ഉണ്ടെങ്കിലും വീട് നിർമ്മാണത്തിന്റെ പുരോഗതി രേഖപ്പെടുത്തിയിട്ടില്ല. (ഉദാ.ശുഭകുമാരി, മാടമൊഴി, കുടവൂർ) |
| 3 | ഭവനപുനരുദ്ധാരണംജനറൽ 93/20 | 18,00,000 | ഗുണഭോക്താക്കളുടെ അപേക്ഷകൾ കൃത്യമായി /പൂർണമായി പൂരിപ്പിച്ചിട്ടില്ല. കരാറുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. |
| 4 | ലൈഫ് ജനറൽ -SO 129/20 | 29,40,000 | കരാറുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. 22,00,000/-രൂപയുടെ ബില്ലുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. |
| 5 | ഭവനപുനരുദ്ധാരണം SCP-SO 167/20 | 5,45,000 | ആകെയുള്ള 8 ഗുണഭോക്താക്കളുടെയും കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഒന്നും എഴുതാത്ത മുദ്രപത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നു.ചില മുദ്രപത്രങ്ങളിൽ ഒപ്പ്പോലും ഇല്ല. |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 31 തീയതി 29.10.21ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ക്ഷേമപദ്ധതികൾ - വിഇഓ സർക്കിൾ 1 നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- 99,72,920/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2019-20 വർഷം വിഇഓ സർക്കിൾ 1 നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഉദ്യോഗസ്ഥരുടെ പേരു വിവരം- ശ്രീ.അരുൺ മോഹൻ, മണക്കാട്,കൊഞ്ചിറവിള(01.4.2019-30.11.2019)

ശ്രീ.സുമേഷ്.എം.എസ്,സുമേഷ്ഭവൻ,അരുവിയോട്(01.12.2019-31.3.2020)

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | സുലേഖ പ്രകാരമുള്ള ചെലവ് | ഹാജരാക്കാനുള്ള രേഖകൾ |
|---|---|---|---|
| 1 | ലൈഫ് SCP, 103/20 | 46,83,000 | പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ, ബില്ലുകൾ |
| 2 | ഭവനപുനരുദ്ധാരണം SCP, 108/20 | 11,25,000 | പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ, ബില്ലുകൾ |
| 3 | ഹരിതകേരളം, 122/20 | 3,62,000 | പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ, ബില്ലുകൾ, അക്വിറ്റൻസ് |

| | | | |
|---|---|---|---|
| 4 | വീട് വാസയോഗ്യമാക്കൽ SCP, 141/20 | 27,00,000 | പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ, അക്വിറ്റൻസ് |
| 5 | ലൈഫ് SCP-SO, 142/20 | 8,97,000 | പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ, ബില്ലുകൾ, അക്വിറ്റൻസ് |
| 6 | ലൈഫ് ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണം, 143/20 | 1,32,000 | പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃലിസ്റ്റ്,ബില്ലുകൾ |
| 7 | ഒറ്റക്കുഴി കക്കൂസ് ഇരട്ടക്കുഴിയാക്കൽ, 144/20 | 73920 | പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ, ബില്ലുകൾ, അക്വിറ്റൻസ് |
| | ആകെ | 99,72,920/- | |

ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നമ്പർ 22 തീയതി 27.10.21) നല്കിയതിന് , ചാർജെടുത്തപ്പോൾ വി.ഇ.ഒ ആയിരുന്ന ശ്രീ. സുമേഷ് ഒരു ഫയലും കൈമാറിയിരുന്നില്ലായെന്നും ഓഫീസിൽ ലഭ്യമായ എല്ലാ ഫയലും ഹാജരാക്കിയിട്ടുണ്ടെന്നുമാണ് നിലവിലെ വി.ഇ.ഒയുടെ വിശദീകരണം . 2018-19 വർഷവും വിഇഓ സർക്കിൾ 1 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. മേൽ പദ്ധതികൾക്കായി ചെലവഴിച്ച 99,72,920/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രസ്തുത വിഷയം ഗൗരവകരമായി കാണേണ്ടതാണ്.

തുടർച്ചയായി ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടികൾക്കും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-28 രണ്ട് വർഷം മുൻപ് വാട്ടർ കണക്ഷൻ ലഭിച്ചയാൾക്ക് സബ്സിഡി നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | ഗാർഹിക വാട്ടർ കണക്ഷൻ (എസ്‌സിപി) |
| പദ്ധതി നമ്പർ | 7/19-20 |
| പദ്ധതി അടങ്കൽ | 1,98,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 1,20,000 |
| നിർവഹണ | അസിസ്റ്റന്റ് സെക്രട്ടറി |

| ഉദ്യോഗസ്ഥൻ | |
|---|---|

പ്രോജക്ട് രൂപീകരണ ഫോറം 1 പ്രകാരം, വാട്ടർ കണക്ഷൻ എടുത്തതിനു ശേഷം ഗുണഭോക്താക്കൾ വിവിധ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് 6,000 രൂപ സബ്ഡിഡി അനുവദിക്കുന്നു. തൻ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും വാട്ടർ കണക്ഷൻ ലഭിക്കുകയും ചെയ്യുന്നവർക്കാണ് ആനുകൂല്യം നൽകേണ്ടത്. എന്നാൽ 24.10.2017 ന് വാട്ടർ കണക്ഷൻ ലഭിച്ച ശ്രീമതി തങ്കമ്മ, ശ്രാങ്കോട്ടുകോണം തെക്കേവീട് എന്ന ആളിനെ 2019-20 വർഷത്തെ മേൽ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുകയും സബ്സിഡി തുകയായ 6,000 രൂപ ബിൽ നം.16/15.11.2019 പ്രകാരം അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/25.10.2020 ന് നൽകിയ മറുപടി പ്രകാരം ശ്രീമതി തങ്കമ്മ 2017-18 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതിനു ശേഷമാണ് അപേക്ഷ നൽകിയതെന്നും അർഹതയുണ്ടായതിനാലാണ് ആനുകൂല്യം നൽകിയതെന്നുമാണ്.

2017-18 വർഷം വാട്ടർ കണക്ഷൻ ലഭിച്ച വ്യക്തിയെ 2018-19 വർഷത്തെ പദ്ധതിയിൽ പരിഗണിക്കാതെ 2019-20 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 അനുപൂരക പോഷകാഹാര പരിപാടി - ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിൽ പൊരുത്തക്കേട്

അനുപൂരക പോഷകാഹാര പരിപാടി - ജനറൽ(പ്രോജക്ട് നമ്പർ 70/20), അനുപൂരക പോഷകാഹാര പരിപാടി – എസ്സിപി (പ്രോജക്ട് നമ്പർ 88/20) എന്നീ പ്രോജക്ടുകളുടെ ഭാഗമായി, ഐസിഡിഎസ് സൂപ്പർവൈസർ പർച്ചേസ് ചെയ്ത് സ്റ്റോക്കിലെടുത്ത് അംഗനവാടികൾക്ക് വിതരണം നടത്തിയ ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് പരിശോധനയിൽ അപാകത കണ്ടെത്തി. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അംഗന വാടി നമ്പർ | വിതരണ മാസം/ വർഷം | ഇനം | ഐസിഡിഎസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയത് (Kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ചത് (Kg) |
|---|---|---|---|---|---|
| 1 | 110 | 03/20 | ആട്ട | 48 | 36 |
| | | | റാഗി | 36 | 27 |
| | | | ശർക്കര | 24 | 18 |
| 2 | 113 | 10/19 | അമൃതം പൊടി | 28 | 42 |
| | | 03/20 | ആട്ട | 40 | 26 |
| | | | റാഗി | 30 | 27 |
| | | | ശർക്കര | 20 | 18 |
| 3 | 114 | 10/19 | അമൃതം പൊടി | 31.5 | 28 |
| | | 03/20 | ശർക്കര | 2 | - |
| 4 | 117 | 09/19 | അമൃതം പൊടി | 24 | 28 |
| | | 10/19 | അമൃതം പൊടി | 35 | 17.5 |
| | | 01/20 | റാഗി | 36 | 33 |
| 5 | 133 | 07/19 | അമൃതം പൊടി | 15 | 17.5 |

അംഗനവാടി രജിസ്റ്ററുകൾ പ്രകാരം 4/19, 5/19 മാസങ്ങളിൽ അംഗനവാടികൾക്ക് ലഭിച്ച അമൃതം പൊടി, 08/19 ൽ ലഭിച്ച ഭക്ഷണ സാധനങ്ങൾ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ ഐസിഡിഎസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ വിശദമായി പരിശോധിച്ചതിന് ശേഷം മാത്രമേ മറുപടി നൽകാൻ

കഴിയുവെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം (ഓഡിറ്റ് അന്വേഷണം നമ്പർ 67/30.10.2020 ന്റെ മറുപടി). സ്റ്റോക്ക് വിവരങ്ങൾ ക്രമപ്പെടുത്തി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അംഗനവാടി മോണിട്ടറിംഗ് സമിതികൾ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി അംഗനവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നത് ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ഗുണകരമാകും.

## 1-30 2020-21 വർഷത്തെ പദ്ധതി ചെലവ് 2019-20 ലെ ചെലവ് പത്രികയിൽ ഉൾപ്പെടുത്തി

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിത ഭവന പദ്ധതി |
| പദ്ധതി നമ്പർ | 26/20 |
| പദ്ധതി അടങ്കൽ | 52,65,560<br>(വികസന ഫണ്ട് - 1,68,000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1,68,000<br>മറ്റുള്ളവ - 1,90,560) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഹരിത ഭവന പദ്ധതിയുടെ ഭാഗമായി ചെയ്ത തടികൂട് നിർമ്മാണത്തിന് ചെലവഴിച്ചിരിക്കുന്നത് 18,375 രൂപയാണ്. 30.03.2020 ന് ട്രഷറിയിൽ നൽകിയ ബിൽ ക്യൂ ബിൽ ആയതിന്റെ അടിസ്ഥാനത്തിൽ 13.04.2020 ലാണ് മാറിയിരിക്കുന്നത്(ഓഡിറ്റ് അന്വേഷണം നമ്പർ 73/30.10.2021 ന്റെ മറുപടി). എന്നാൽ, 2020-21 വർഷത്തെ പ്രസ്തുത ചെലവ് 2019-20 വർഷത്തെ ചെലവ് പത്രികയിലും എസിആറിലും ഉൾപ്പെട്ടിരിക്കുന്നു. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം - ഗുണഭോക്താവിന്റെ അർഹത വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം |
| പദ്ധതി നമ്പർ | 12/19-20 |
| പദ്ധതി അടങ്കൽ | 3,50,000<br>(വികസനഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 3,35,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ലഭ്യമാക്കിയ പ്രോജക്ട് രൂപീകരണ ഫോറം 1 പ്രകാരം, ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആനുകൂല്യം ലഭിച്ച ജിൻസി.യു.വി എന്ന വിദ്യാർത്ഥിയ്ക്ക് ബ്ലോക്ക്, ജില്ലാ പഞ്ചയത്തുകളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ആവശ്യപ്പെട്ടുക്കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14/25.10.21) ലഭിച്ച മറുപടിയോടൊപ്പം അരുൺജിത്ത്.എ.കെ എന്ന വിദ്യാർത്ഥിയുടെ വരുമാന സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ ആനുകൂല്യത്തിന് അർഹതയില്ലാത്തവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇപ്രകാരം അർഹത പരിശോധിക്കാതെ ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം

നൽകേണ്ടതാണ്.

## 1-32 ഒരേ ചെലവ് വൗച്ചറുകളിൽ രണ്ടു തുകകൾ പാസാക്കി

| | |
|---|---|
| പദ്ധതിയുടെ പേര് | കേദാരം സമഗ്ര നെൽകൃഷി വികസനം |
| പദ്ധതി നം. | 15/20 |
| പദ്ധതി അടങ്കൽ | 3,95,000<br>(വികസന ഫണ്ട് - 2,25,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 85,000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 85,000) |
| പദ്ധതി ചെലവ് | 3,74,464<br>(വികസന ഫണ്ട് - 2,04,464 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - പ 85,000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 85,000) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പദ്ധതിയുടെ ഭാഗമായി ജൈവവളം വാങ്ങിയ ഇനത്തിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചുകൊണ്ടുള്ള ഏതാനും ചെലവ് വൗച്ചറുകളിൽ രണ്ടു വ്യത്യസ്ത തുകകൾ പാസാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അക്കൗണ്ടിൽ സബ്സിഡി തുക മാത്രമാണ് നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വൗച്ചർ നമ്പർ | പാസാക്കിയിരിക്കുന്ന തുകകൾ | നൽകിയിരിക്കുന്ന തുക |
|---|---|---|---|---|
| 1 | മഞ്ജുകുമാരി.എസ്. | 15 | 1480<br>2664 | 2664 |
| 2 | ജയചന്ദ്രൻ.ബി | 20 | 10950<br>12950 | 12950 |
| 3 | ഗോപിനാഥൻ നായർ | 28 | 3700<br>6808 | 6804 |

വൗച്ചറിൽ തുക തെറ്റായി രേഖപ്പെടുത്തിയതാണെന്നും പാസാക്കേണ്ട തുകയാണ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ

ചെയ്തിട്ടുള്ളതെന്നുമാണ് വിശദീകരണം (ഓഡിറ്റ് അന്വേഷണം നമ്പർ 50/28.10.2021 ന്റെ മറുപടി. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഗുണഭോക്തൃ ലിസ്റ്റ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല - 5,93,280 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പാഥേയം |
| പദ്ധതി നമ്പർ | 124/19-20 |
| പദ്ധതി അടങ്കൽ | 14,83,200<br>(വികസന ഫണ്ട് - 5,93,280, ജില്ലാ പഞ്ചായത്ത് വിഹിതം - 8,89,920) |
| പദ്ധതി ചെലവ് | 5,93,280 (വികസന ഫണ്ട്) |
| ബിൽ നമ്പർ | 4/03.09.2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 18.09.2019 ലെ അടിയന്തിരയോഗം 4/1 നമ്പർ തീരുമാനം പ്രകാരം പാഥേയം പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് ഉൾക്കൊള്ളിച്ചിട്ടില്ല. കൂടാതെ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്നും 5,93,280 രൂപ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ സിഡിഎസ് ന് നൽകിയിരുന്നെങ്കിലും പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമക്കിയിട്ടില്ല. വകയിരുത്തിയിരുന്ന ജില്ലാ പഞ്ചായത്ത് വിഹിതം 8,8 9,920 രൂപ ചെലവഴിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 9നം. 33/28.10.2019) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്താൽ 5,93,280 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം |
| പദ്ധതി നമ്പർ | 198/19-20 |
| പദ്ധതി അടങ്കൽ | 19,25,000 (വികസന ഫണ്ട് - 3,00,000, ധനകാര്യ കമ്മീഷൻ അവാർഡ് - 2,62,000<br>സംസ്ഥാനാവിഷ്കൃത ഫണ്ട് 10,00,00, തനത് ഫണ്ട് 3,63,000) |
| പദ്ധതി ചെലവ് | 8,39,534 (വികസന ഫണ്ട് - 2,99,768, ധനകാര്യ കമ്മീഷൻ അവാർഡ് - 2,62,000<br>തനത് ഫണ്ട് 2,77,766) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തിന്റെ കീഴിൽ ഡിസംബർ 2019 ൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി വിവിധ സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിന് പ്രോജക്ടിൽ തുക

വകയിരുത്തിയിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ കമ്പ്യൂട്ടർ, ടിവി, പ്രൊജക്ടർ, തെറാപ്പി ഉപകരണങ്ങൾ എന്നിവയടക്കം പ്രോജക്ട് ലക്ഷ്യമിട്ടിരുന്ന അവശ്യ സാധനങ്ങൾ ഒന്നും തന്നെ വാങ്ങിയതായി കാണുന്നില്ല. ആകെയുള്ള അടങ്കൽ തുകയുടെ 50% പോലും ചെലവഴിച്ചിട്ടില്ല. സംസ്ഥാനാവിഷ്കൃത ഫണ്ടായ 10,00,000 രൂപയും ചെലവഴിച്ചതായി കാണുന്നില്ല. പ്രസ്തുത ഫണ്ട് തൻ വർഷം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. ലഭിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണവും അടുത്ത വർഷം സ്പിൽ ഓവർ ആയി ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും മറ്റ് അപാകതകളും ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 32/28.10.2021) മറുപടി ലഭ്യമാക്കിയില്ല. സാമൂഹ്യക്ഷേമ മേഖലക്ക് ഊന്നൽ നൽകുന്ന ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ കുറേ കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്.

മേൽ വിഷയങ്ങൾക്ക് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ലഭ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-35 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| പദ്ധതി നമ്പർ | 9/19-20 |
| പദ്ധതി അടങ്കൽ | 1,41,900 (വികസനഫണ്ട് എസ്‌സിപി) |
| പദ്ധതി ചെലവ് | 39,893 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

സ്കൂളുകളിൽ നിന്നും ലഭിച്ച അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ, ഗവ.എച്ച്എസ്എസ്, തോന്നയ്ക്കൽ സ്കൂളിൽ നിന്നുള്ള ലിസ്റ്റിൽ ഇല്ലാതിരുന്ന വിദ്യാർത്ഥിയെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ആനുകൂല്യം നൽകുകയും ചെയ്തിരിക്കുന്നു. പ്രസ്തുത കുട്ടിയുടെ അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ 13/25.10.2021) മറുപടിയിൽ മേൽ വിഷയം പരാമർശിച്ചിട്ടില്ല. അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 വയോജനങ്ങൾക്ക് കട്ടിൽ - ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| പദ്ധതി നമ്പർ | 169/19-20 |
| പദ്ധതി അടങ്കൽ | 3,28,060 (വികസന ഫണ്ട് എസ്‌സിപി) |

| | |
|---|---|
| പദ്ധതി ചെലവ് | 3,28,060 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി ആകെ 151കട്ടിലുകളാണ് പ്ലാസ ഇൻഡസ്ട്രീസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. 2019-20 ൽ ആകെ ലഭിച്ചത് 96 എണ്ണമാണ് (സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം. 171/6.08.19 പ്രകാരം 37, ബിൽ നം. 172/9.09.19 പ്രകാരം 37, ബിൽ നം. 174/24.10.19 പ്രകാരം 22). എന്നാൽ സ്ഥാപനത്തിൽ നിന്നും ഏറ്റവും ഒടുവിലായി ബിൽ നമ്പർ 174/14.10.19 പ്രകാരം ലഭിച്ച 22 കട്ടിലുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷയോ അർഹത തെളിയിക്കുന്ന രേഖകളോ ലഭ്യമാക്കിയിട്ടില്ല. കൂടാതെ അപേക്ഷ നൽകിയിട്ടുള്ള ചില ഗുണഭോക്താക്കൾ സമർപ്പിച്ചിരിക്കുന്ന രേഖകൾ പൂർണമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1 | ശാരദ, കല്ലുവിള വീട് | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 2 | സരസു, ഷൈലജാ ഭവൻ | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 3 | സിസിലി, വട്ടത്തറക്കുന്നിൽ വീട് | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 4 | ഓമന, ഊരുക്കോണം ലക്ഷം ലീട് | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 5 | സരോജിനി, പൊയ്കവിളയിൽ വീട് | ജാതി സർട്ടിഫിക്കറ്റ് ഇല്ല, ആധാറിന്റെ കോപ്പിയില്ല |
| 6 | ഗോമതി, അക്കരവിള വീട് | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 7 | ഓമന, പ്ലാവിളയിൽ വീട് | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 8 | രാജൻ, തോപ്പിൽ പുത്തൻവീട് | ആധാറിന്റെ കോപ്പിയില്ല |

13-ാം വാർഡിൽ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്ന 6ഗുണഭോക്താക്കളുടെയും ഒപ്പ് ഒരുപോലെ കാണപ്പെടുന്നു. അതായത് ഒരാൾ തന്നെയാണ് 6 കട്ടിലുകളും ഒപ്പിട്ട് കൈപ്പറ്റിയിരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നമ്പർ 23/27.10.2021) 22 പേർ കട്ടിൽ കൈപ്പറ്റിയതായുള്ള ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയുണ്ടായി. മേൽ വിഷയത്തിൽ വിശദമായ പരിശോധന നടത്തേണ്ടതും അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-37 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| പദ്ധതി നമ്പർ | 13/19-20 |
| പദ്ധതി അടങ്കൽ | 38,00,000 |
| പദ്ധതി ചെലവ് | 26,25,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

1) പ്രോജക്ട് നം. 13/19-20 ലക്ഷ്യമിടുന്നത് 8 മുതൽ +2 വരെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥികൾക്കു പഠനമുറി തയ്യാറാക്കുന്നതിനു വേണ്ടിയാണ്. എന്നാൽ ആനുകൂല്യം ലഭിച്ചിരിക്കുന്ന പല ഗുണഭോക്താക്കളും സ്കൂൾ വിദ്യാത്ഥികളല്ല. പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ അനർഹരായിട്ടുള്ളവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | റിമാർക്സ് |
|---|---|---|---|
| 1 | ആതിര ബിജു | BA | |
| 2 | വിസ്മയ.എ | CTS Training In Desktop Publishing Operator | |
| 3 | പ്രവീൺ.ഡി | Trainee In Sheet Metal Worker Trade | കോഴ്സ് കാലാവധി 08/18 മുതൽ 07/19 വരെ മാത്രം. |
| 4 | ധന്യമുരളി | CTS Secretarial Practice | |
| 5 | നിഖിത.എം | BCom | |
| 6 | അപർണ.എം.ബൈജു | CTS Computer Operator And Programming Assistant | കോഴ്സ് കാലാവധി 08/18 മുതൽ 07/19 വരെ മാത്രം. |

2) എൽഎസ്ജിഡി അസി.എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ചിരിക്കുന്ന തുക |
|---|---|---|
| 1 | ബീന.എം | 25,000 |
| 2 | ബീന.പി | 50,000 |
| 3 | ലാലി.കെ | 50,000 |
| 4 | ബിന്ദു.ജെ | 50,000 |
| 5 | അനിതകുമാരി | 50,000 |

3) ആര്യ.എൽ, ആര്യ മന്ദിരം, തോപ്പിൽ ഭാഗം എന്ന വിദ്യാർത്ഥിയ്ക്ക് ആനുകൂല്യം ലഭിക്കുന്നതിന് സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/28.10.2021) മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 41 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | | എണ്ണം | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 7 | അങ്കണവാടി നം. 111, 125, 145, 146, 148, 149, 150 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 7 | അങ്കണവാടി നം. 111, 125, 145, 146, 148, 149, 150 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 2 | അങ്കണവാടി നം. 111, 125 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 2 | അംഗനവാടി നം. 128, 140 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 41 | അംഗനവാടി നം. 110 മുതൽ 150 വരെ |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 5 | അംഗനവാടി നം. 114, 118, 142, 147, 148 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 2 | അംഗനവാടി നം. 117, 128 |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | ഇല്ല | |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 3 | അംഗനവാടി നം. 128,132,140 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 41 | അംഗനവാടി നം. 110 മുതൽ 150 വരെ |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 40 | വിശദവിവരം നൽകിയിട്ടില്ല. |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 18 | അംഗനവാടി നം. 115, 116, 117, 118, 120, 121, 122, 126, 127, 128, 132, 133, 135, 138, 139, 140, 143, 147 |
| 13 | വൈദ്യുതി ഇല്ലാത്തവ | ഇല്ല | |
| 14 | Baby Weighing Machine/ Salter Scale/ Platform Weighing Scale | ഇല്ല | |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 41 | അംഗനവാടി നം. 110 മുതൽ 150 വരെ |

| | | | |
|---|---|---|---|
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 41 | അംഗനവാടി നം. 110 മുതൽ 150 വരെ. മേശ മാത്രം ഇല്ല |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | ഇല്ല | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 41 | ഫോൺ മാത്രം ഇല്ല. |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | ഇല്ല | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | ഇല്ല | |
| 21 | ആവശ്യത്തിന കളിക്കോപ്പകൾ ഇല്ലാത്തവ (Both Indoor And Outdoor) | Indoor ഇല്ലാത്തവ ഇല്ല. Outdoor ഇല്ലാത്തവ 22 | വിശദവിവരം നൽകിയിട്ടില്ല. |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 30 | അംഗനവാടി നം. 110, 111, 112, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 127, 128, 129, 131, 132, 133, 134, 135, 139, 140, 141, 142, 143, 144, 147 |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | ഇല്ല | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല | |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | ഇല്ല | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | ഇല്ല | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 41 | അംഗനവാടി നം. 110 മുതൽ 150 വരെ. |

അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/23.10.2021) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ 2019-20 വർഷം ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിച്ചിട്ടില്ല.

3) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.4. പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി. എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി 2019-20 വർഷം എല്ലാ അങ്കണവാടികളിലും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടിതലത്തിൽ മീറ്റിംഗ് കൂടിയതിന്റെ മിനിട്സ് രജിസ്റ്റർ അങ്കണവാടികളിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നാണ് അറിയിച്ചിരിക്കുന്നത്.

4) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F,gഎന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കുകയും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ അങ്കണവാടികളുടെ കിണറുകൾ കൃത്യമായ ഇടവേളകളിൽ ക്ലോറിനേഷൻ നടത്തി വൃത്തിയാക്കാറുണ്ടെന്നും ഫുഡ് ആന്റ് സേഫ്റ്റി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മൊബൈൽ യൂണിറ്റ് എത്തി പരിശോധിക്കാറുണ്ടെന്നും പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നു.

5) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം 2019-20 ൽmonthly Progress Report, ഖണ്ഡിക 4.2.2. പ്രകാരം Annual Progress Report എന്നിവ അങ്കണവാടി തലത്തിൽ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് നൽകിയ മറുപടി പ്രകാരം 2019-20 ൽ എല്ലാ മാസവും Monthly Progress Report തയ്യാറാക്കിയിട്ടുണ്ട്. സെർവർ തകരാറു കാരണം Annual Progress Report തയ്യാറാക്കുന്നതിനായി ആൺഡ്രോയിഡ് ഫോണിൽ ശേഖരിച്ചിരുന്ന വിവരങ്ങളുടെ കൺസോളിഡേഷൻ പ്രോസസ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. മറ്റൊരു സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഇപ്പോൾ വിവരശേഖരണം നടത്തുന്നത്.

6) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. 2019–2020 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെന്നും വിവരങ്ങൾ ക്ഷേമകമ്മിറ്റി രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നതെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്.

7)2019-20 വർഷം 3 തവണ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതായുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 1-39 THRS (അമൃതം പൊടി) - പർച്ചേസ് ബിൽ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | അനുപൂരക പോഷകാഹാര പരിപാടി ജനറൽ |
| പദ്ധതി നം. | 70/19-20 |
| പദ്ധതി അടങ്കൽ | 35,00,000<br>(വികസന ഫണ്ട് - 10,00,000 കേന്ദ്രാവിഷ്കൃത ഫണ്ട് - 22,00,000<br>തനത് ഫണ്ട് - 3,00,000) |
| പദ്ധതി ചെലവ് | 35,00,000<br>(വികസന ഫണ്ട് - 10,00,000 കേന്ദ്രാവിഷ്കൃത ഫണ്ട് - 22,00,000<br>തനത് ഫണ്ട് - 3,00,000) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

പദ്ധതിയുടെ ഭാഗമായി THRS വിതരണം ചെയ്തതിന് ബിൽ നം. 001/22.08.2019 പ്രകാരം മധുരിമ ന്യൂട്രിമിക്സ്, കാട്ടാക്കട എന്ന സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്ന തുക 3,86,129 രൂപയാണ്. വിവിധ പർച്ചേസ് ബില്ലുകളുടെ ആകെ തുകയാണ് 3,86,129 രൂപ. എന്നാൽ 3,48,833 രൂപയുടെ പർച്ചേസ് ബില്ലുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 37,296 രൂപയുടെ ബിൽ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 74/30.10.2021), പ്രസ്തുത കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥ ബിൽ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ബന്ധപ്പെട്ട ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 ജാഗ്രത സമിതി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്

ജാഗ്രത സമിതി മാർഗരേഖ സ.ഉ (എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും 2019-20 വർഷം നടത്തിയിട്ടുള്ളതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നമ്പർ 60/30.10.2021 ന്റെ മറുപടി). എന്നാൽ വനിത വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ 02.10.2018ലെ യോഗത്തിൽ ജാഗ്രത സമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്വന്തമായി ഓഫീസും സ്ക്രീനിംഗ് സെന്ററും ആരംഭിക്കുന്നതിനും നിർദ്ദേശമുണ്ട്. അതു പാലിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ ശക്തപ്പെടുത്തലിന്റെ ഭാഗമായി സ്വന്തമായി ഓഫീസും സ്ക്രീനിംഗ് സെന്ററും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ നാളിതുവരെ നടപ്പിലാക്കാത്തതും എന്നാൽ ജാഗ്രത സമിതി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായതുമായ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കേണ്ടതാണ്.

1. എല്ലാ വാർഡുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുക

2.എല്ലാ വാർഡുകളിലും ജാഗ്രത സമിതി ബോർഡുകൾ സ്ഥാപിക്കുക

3. പഞ്ചായത്ത് തല ജാഗ്രത സമിതി ബോർഡ് സ്ഥാപിക്കുക

മേൽപ്പറഞ്ഞവ കൂടി നടപ്പിലാക്കുന്നതിന്റെ ഫലമായി സാധാരണ ജനങ്ങൾക്ക് സമിതിയുടെ പ്രവർത്തനം, ലക്ഷ്യം എന്നിവ സംബന്ധിച്ച് അറിവ് ഉണ്ടാകുകയും സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുകയും ചെയ്യുന്നതായിരിക്കും.

## 1-41 ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്നും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ല പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പരാമർശിച്ചിട്ടുള്ള സെക്ഷൻ 3എയിലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ പെർഫൊമൻസ് ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

1) മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | പേര് | യോഗങ്ങൾ ചേർന്ന തീയതികൾ | | | |
|---|---|---|---|---|---|
| 1 | കൈലാത്തുകോണം | 26.02.2019 | 27.09.2019 | 07.02.2020 | 01.03.2020 |
| 2 | ചെമ്പകമംഗലം | 24.02.2019 | 28.09.2019 | 07.02.2020 | 01.03.2020 |
| 3 | പൊയ്കയിൽ | 25.02.2019 | 30.09.2019 | 06.02.2020 | 03.03.2020 |
| 9 | മംഗലപുരം | 28.02.2019 | 27.09.2019 | 01.02.2020 | 03.03.2020 |
| 10 | കാരമൂട് | 27.02.2019 | 28.09.2019 | 01.02.2020 | 03.03.2020 |
| 11 | ഇടവിളാകം | 24.02.2019 | 29.09.2019 | 01.02.2019 | 03.03.2020 |
| 18 | കോട്ടറക്കരി | 23.02.2019 | 06.10.2019* | 29.01.2020 | 05.03.2020 |
| 19 | വെയിലൂർ | 27.02.2019 | 27.09.2019 | 28.01.2020 | 05.03.2020 |
| 20 | ശാസ്തവട്ടം | 21.02.2019 | 30.09.2019 | 28.01.2020 | 05.03.2020 |

(* 26.09.2019ലെ യോഗം ക്വാറം തികയാഞ്ഞതിനാൽ മാറ്റിവച്ചിരുന്നു.

2/2019ൽ നടന്ന ഗ്രാമസഭകളിൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.)

ഭരണസമിതിയുടെ തീരുമാനപ്രകാരം നടത്തിയ ഗ്രാമസഭ യോഗങ്ങളിൽ മൂന്ന് മാസത്തെ ഇടവേള കൃത്യമായി പാലിച്ചിട്ടില്ലായെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 18/26.10.2021ന്റെ മറുപടി).

2)ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തതായി കാണുന്നില്ല. അംഗങ്ങളെ ക്ഷണിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) 3/20ൽ നടന്ന ഗ്രാമസഭകളിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്തതായി രേഖപ്പെടുത്തലുണ്ട്. എന്നാൽ അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

ഗ്രാമസഭകൾ നിയമ പ്രകാരം സംഘടിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

-

# ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഇല്ല

-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 85000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 85000 | 0 |
| | 809553 | ലൈഫ് ജനറൽ | 809553 | 0 |
| | 154568 | ലൈഫ് ജനറൽ<br>സ്പിൽ ഓവർ | 154568 | 0 |
| | 100000 | ലൈഫ് എസ് സി പി | 100000 | 0 |
| | 278860 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 278860 | 0 |
| | 179682 | ക്ഷീര സമൃദ്ധി | 179682 | 0 |
| ആകെ | 1607663 | | 1607663 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 85000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 85000 | 0 |
| | 136600 | ലൈഫ് ജനറൽ | 136600 | 0 |
| | 628830 | ലൈഫ് ജനറൽ<br>സ്പിൽ ഓവർ | 628830 | 0 |
| | 463125 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 463125 | 0 |
| | 300000 | പകൽവീട് പരിപാലനം | 60271 | 239729 |
| | 207746 | പകൽവീടിന് അടിസ്ഥാന സൌകര്യമൊരുക്കലും ഫർണിച്ചർ വാങ്ങലും | 207746 | 0 |
| | 500000 | ക്ഷീര സമൃദ്ധി | 500000 | 0 |
| ആകെ | 2321301 | | 2081572 | 239729 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് ചുവടെ ചേർക്കുംപ്രകാരം വ്യത്യാസമുള്ളതായി കാണുന്നു.

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 473971 | 1453095 | 1927066 | 1607663 | 319403 | 298153 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1646892 | 1719295 | 3366187 | 2081572 | 1284615 | 877033 |

ഓഡിറ്റ് എൻക്വയറി നമ്പർ 26/27.10.2021 ന്റെ മറുപടിയിൽ മേൽ പട്ടികയിലെ വ്യത്യാസത്തിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല.

## 4-2 നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ശാസ്തവട്ടം തോപ്പ് മുക്ക് ലൈൻ ദീർഘിപ്പിക്കൽ | 359480 | 3594580 | 0 |
| കേരള വാട്ടർ അതോറിറ്റി | മുരിങ്ങമൺ വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 770000 | 770000 * | 0 |

*മുൻകൂർ നല്കിയ തുക പൂർണമായും ചെലവായി കാണിക്കുന്നു.

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 4052065 | 770000 | 4822065 | 770000 | 4052065 | 4007213 |
| കേരള വാട്ടർ അതോറിറ്റി | 2607391 | 359480 | 2966871 | 359480 | 2607391 | 1738988 |

ശാസ്തവട്ടം തോപ്പ് മുക്ക് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തിക്കായുള്ള 359480 രൂപയുടെ ചെലവ് തെറ്റായി കേരള വാട്ടർ അതോറിറ്റിയുടെ ഹെഡിലാണ് രേഖപ്പെടുത്തിയതെന്നാണ് കണക്കുകൾ തമ്മിലുള്ള പൊരുത്തക്കേടിനുള്ള വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 27/27.10.2021 ന്റെ മറുപടി). എന്നാൽ പ്രസ്തുത വ്യത്യാസം മാത്രമല്ല ബാലൻസ് ഷീറ്റിലെ പൊരുത്തക്കേടിൽ പ്രതിഫലിക്കുന്നത്. വിനിയോഗ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽ പട്ടികയിലെ പൊരുത്തക്കേട് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മുൻവർഷങ്ങളിലും 2019-20ലും നടത്തിയ നിക്ഷേപങ്ങളിൽ, 2019-20 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 27/27.10.2021 ന്റെ മറുപടി)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച വർഷം | നിക്ഷേപ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിർക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | കൈലാത്തുകോണം വെയിലൂർ വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 2018-19 | 900000 | 758173 | 141827 |
| 2 | അക്കരവിള വരിക്കമുക്ക് വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 2018-19 | 200000 | 145686 | 54314 |

| | | | | | | |
|---|---|---|---|---|---|---|
| 3 | മഞ്ചാടിക്കുന്ന്, മുരിങ്ങനേല മുരിങ്ങമൺ വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 2019-20 | 770000 * | 653341 | 116659 |
| 4 | മുല്ലശേരി വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 2018-19 | 650000 | 440585 | 209415 |
| | ആകെ | | | 2520000 | 1997785 | 522215 |

ലഭ്യമാക്കിയ വിവരമനുസരിച്ച് വാട്ടർ അതോറിറ്റിയിൽ മാത്രം 5,22,215 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. നിർവ്വഹണ ഏജൻസികളിൽ ഇപ്രകാരം ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക കണ്ടെത്തി, ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 215/10/തസ്വഭവ തീയതി 27.01.2010 | 21639000 | 2319789 | 2319789 | 0 | മുതൽ പൂർണമായും അടവാക്കി |

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 620000 | 4136602 | 4756602 | 397060 | 4355942 |

2018-19, 2019-20 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ പ്രകാരം Secured Loans From Government Bodies And Associations (Head Code 330300101)എന്ന ഹെഡിൽ 675000 രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക എതിനത്തിലെ വായ്പയാണെന്ന് വിശദീകരിക്കുവാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 28/27.10.2021)

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| അവലോകന റിപ്പോർട്ട് | - | 2011-12 | 3-2-7, 3-2-9. 3-2-10, 3-2-11, 3-2-12, 3-2-13 | ആസ്തിരജിസ്റ്റർ, കണക്ടിവിറ്റി പ്ലാൻ, മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | - |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 9,27,34,987 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,70,38,201 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,15,91,200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 10,25,000 | ശ്രീമതി സജ്ന.എസ്.ജെ., വെറ്റിനറി സർജൻ |
| 1-27 | 99,72,920 | ശ്രീ. അരുൺ മോഹൻ, (01.04.19-30.11.19)<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ – 1<br>ശ്രീ. സുമേഷ്.എസ്, (01.12.19-31.03.20)<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ – 1 |
| 1-33 | 5,93,280 | ശ്രീ. സുഹാസ് ലാൽ.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1,15,91,200 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | -ഇല്ല- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സജ്ന.എസ്.ജെ., വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പോത്തൻകോട് ഗ്രാമപഞ്ചായത്ത് | വിളയിൽ, പട നോർത്ത്, കരുനാഗപ്പള്ളി, കൊല്ലം |
| ശ്രീ. അരുൺ മോഹൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ – 1 | ജി.ഇ.ഒ. പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം | കൊഞ്ചിറവിള, മണക്കാട്, തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ. സുമേഷ്.എം.എസ്., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ – 1 | വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | സുമേഷ് ഭവൻ, അരുവിയോട്, പാനായിയോട്. |
| ശ്രീ. സുഹാസ് ലാൽ.എസ്. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മംഗലപുരം ഗ്രാമ പഞ്ചായത്ത് | ലാൽ നിവാസ്, തോന്നയ്ക്കൽ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469(1)/08 | 3 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469(2)/08 | 2 |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/537/04 തീയതി 04.07.2014 | 3 |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1953/05/04.07.14 | 2 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1792/07/04.07.14 | 3 |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1793/07/04.07.14 | 3 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1755/06/04.07.14 | 1 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1454/10/04.07.14 | 5 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1273/10/04.07.14 | 11 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/127/12/04.07.14 | 10 |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി 04.06.2018 | 6 |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി04.06.2018 | 13 |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി04.06.2018 | 7 |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി 04.06.2018 | 7 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി04.06.2018 | 6 |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.11/2033/2016. തീയതി 18.07.2018 | 1 |
| 2016-17 | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.11/1662/2017 തീയതി19.09.2017 | 3 |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1906/2018 തീയതി 16.10.2019 | 12 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1058/2019 തീയതി 29.07.2020 | 26 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്